# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ മാർച്ച് 2025



തപസ്സിലും പരീക്ഷയിലുമുള്ള പരീക്ഷണം

നോമ്പിന്റെ നാൽപതു ദിനങ്ങൾ

അനുരഞ്ജന കൂദാശ



# ചാലക്കുടി
# തിരുകുടുംബ ലത്തീൻ
# ദൈവാലയത്തിൽ

## അത്ഭുതപ്രവർത്തകനായ
## വി. യൗസേപ്പിതാവിന്റെ
# ഊട്ടു തിരുനാൾ

**2025 മാർച്ച് 17, 18, 19**
**തീയ്യതികളിൽ**

## നവനാൾ ദിനങ്ങൾ
മാർച്ച് 8 മുതൽ 16 വരെ

## തിരുനാൾ ദിനം
**19.03.2025 ബുധൻ**

രാവിലെ 9.30 ന് : തിരുനാൾ ദിവ്യബലി

രാവിലെ 10.30ന് : നേർച്ചസദ്യ വെഞ്ചിരിപ്പ്

നേർച്ച സദ്യ വൈകീട്ട് 3.00 മണി വരെ

ഉച്ചക്ക് 3.00ന് : ദിവ്യബലി



# ഏവർക്കും സ്വാഗതം



## മുഖമൊഴി

# അനുഗ്രഹമാകാൻ ഒരു നോമ്പുകാലം



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**പാ**രീസിലെ ഒരു റസ്റ്റോറന്റിലേക്ക് സഞ്ചാരിയായ ഒരാൾ അയാളുടെ സുഹൃത്തിനോടൊപ്പം ഒരു കാപ്പി കുടിക്കാൻ എത്തി. ഓർഡർ ചെയ്യുന്നതിനിടയിലാണ് അടുത്ത ടേബിളിലിരുന്ന ആ നാട്ടുകാനായ ഒരാൾ കോഫി ഓർഡർ ചെയ്യുന്നത് അയാൾ ശ്രദ്ധിച്ചത്. ഒറ്റയ്ക്ക് വന്ന അയാൾ രണ്ട് കാപ്പി ഓർഡർ ചെയ്തു.

കാപ്പി ഓർഡർ ചെയ്തത് ഇങ്ങനെയാണ്,

**'വൺ കോഫി ഓൺ ദി ടേബിൾ, വൺ കോഫി ഓൺ ദ വാൾ'.**

വെയ്റ്റർ സന്തോഷത്തോടുകൂടി തിരിച്ചുപോയി അയാൾക്കൊരു കാപ്പിയുമായി വന്നു. അതിനുശേഷം ഒരു കുറിപ്പ് എഴുതി ആ കോഫി ഷോപ്പിന്റെ ചുമരിൽ ഒട്ടിച്ചു. അതുപോലുള്ള ചില കുറിപ്പുകൾ ആ റസ്റ്റോറന്റിന്റെ ചുമരിൽ ഉണ്ടായിരുന്നു. ആ റസ്റ്റോറന്റിലേക്ക് കയറി വന്ന വേറെ രണ്ടുപേരും ഇതുപോലെതന്നെ ഓർഡർ ചെയ്യുന്നത് ആ സഞ്ചാരി കണ്ടു. സഞ്ചാരിക്ക് കാര്യമൊന്നും മനസ്സിലായില്ല. അത് എന്താണെന്ന് ചോദിക്കാനും അയാൾ തുനിഞ്ഞില്ല.

മറ്റൊരു ദിവസം കാപ്പി കുടിക്കുവാനായി വീണ്ടും അയാൾ ആ റസ്റ്റോറന്റിൽ എത്തി. സഞ്ചാരി കാപ്പി കുടിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മുഷിഞ്ഞ വസ്ത്രങ്ങളോടുകൂടിയ കാഴ്ചയിൽ ഭിക്ഷക്കാരനെ പോലെ തോന്നുന്ന ഒരാൾ ആ റസ്റ്റോറന്റിലേക്ക് കടന്നുവന്നു. അത്യാവശ്യം വലിയ റെസ്റ്റോറന്റ് ആയിരുന്നു അത്. കയറിവന്ന ആ മനുഷ്യൻ വെയിറ്ററിന്റെ അടുത്തുചെന്ന് ഒരു കാപ്പി ഓർഡർ ചെയ്തു.

അയാൾ ഓർഡർ ചെയ്തത് ഇങ്ങനെയാണ്,

**'വൺ കോഫി ഫ്രം ദ വാൾ.'**

വളരെ മാന്യമായി പെരുമാറിയ ആ വെയ്റ്റർ അയാൾ ഓർഡർ ചെയ്തത് പോലെ ഒരു കാപ്പിയുമായി തിരിച്ചെത്തി. കൊണ്ടുവന്ന കാപ്പിയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് അത് വാങ്ങി കുടിച്ച് അ യാചകനെ പോലെയുള്ള മനുഷ്യൻ തിരികെ പോയി. അയാൾ പോയി കഴിഞ്ഞപ്പോൾ വെയ്റ്റർ ചുമരിൽ ഒട്ടിച്ചിരുന്ന ഒരു സ്ലിപ്പ് എടുത്ത് കീറിക്കളഞ്ഞു. അപ്പോഴാണ് സഞ്ചാരിക്ക് മനസ്സിലായത് അത് ആ നാട്ടിലെ ഒരു രീതിയായിരുന്നു. മറ്റുള്ളവരെ സഹായിക്കുവാൻ ആ നാട്ടിലുള്ളവർ കണ്ടുപിടിച്ച ഒരു രീതി. *താൻ ആർക്കുവേണ്ടിയാണ് ആ കാപ്പി ഓർഡർ ചെയ്യുന്നതെന്ന് ഓർഡർ ചെയ്യുന്നവനും അറിയുന്നില്ല തനിക്കുവേണ്ടി ആരാണ് ആ കാപ്പി ഓർഡർ ചെയ്തത് എന്ന് അത് സ്വീകരിക്കുന്നവരും അറിയുന്നില്ല.* പരസ്യപ്പെടുത്താത്ത ഒരു നന്മ പ്രവർത്തിയായി അത് മാറുന്നു.

ചെയ്യുന്ന നന്മപ്രവർത്തികളൊക്കെ കവലകളിൽ പന്തലുകെട്ടി മൈക്കുവെച്ച് വിളിച്ചുപറഞ്ഞ് പ്രഘോഷിക്കുന്ന ഒരു കാലത്തിലാണ് നമ്മൾ ജീവിക്കുന്നത്.

**വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു :**

**നീ ദാനധർമ്മം ചെയ്യുമ്പോൾ**
**അതു രഹസ്യമായിരിക്കേണ്ടതിന്**
**നിന്റെ വലത്തുകൈ ചെയ്യുന്നത്**
**ഇടത്തുകൈ അറിയാതിരിക്കട്ടെ.**
(മത്തായി 6:3)

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും ആഴം കുറച്ചുകൂടെ കൂട്ടുന്ന നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണ് തിരുസഭ. നെറ്റിയിൽ ചാരം പൂശി 'മനുഷ്യാ നീ മണ്ണാകുന്നു മണ്ണിലേക്ക് മടങ്ങീടുക' എന്ന പ്രാർത്ഥനയോടുകൂടി വിഭൂതി ബുധനാഴ്ച ആരംഭിക്കുന്ന ഈ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത് അഗ്നിയിൽ സ്വർണ്ണം ശുദ്ധീകരിക്കപ്പെടുന്നതുപോലെ സ്വയം ശുദ്ധീകരിക്കപ്പെടാനാണ്. അങ്ങനെ ശുദ്ധീകരിക്കപ്പെട്ട് ഈ ഭൂമിയിൽ ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായി മാറാൻ നമുക്ക് സാധിക്കണം. എല്ലാവർക്കും നല്ലൊരു നോമ്പുകാലം ആശംസിക്കുന്നു.

*I will give thanks to you, Lord, with all my heart;*
*I will tell of all your wonderful deeds.*
*(PSALM 9:1)*

50 GOLDEN JUBILEE OF
Sr. Elsie Vithayathil
in the Congregation of Sisters of Charity

Prayers & Wishes from
Family Members



# ദിദിമോസ്

**കോട്ടപ്പുറം രൂപത ബുള്ളറ്റിൻ** **മാർച്ച് 2025**

**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
**തപസ്സിലും പരീക്ഷയിലുമുള്ള പരീക്ഷണം** ............ 4

**നോമ്പിന്റെ നാൽപതു ദിനങ്ങൾ** ........................ 6

*വിശ്വാസത്തിന്റെ വഴിത്താര*
**അനുരഞ്ജന കൂദാശ** .................................. 9

*കറുപ്പ്*
**മൃഗ കലാപങ്ങൾ** ........................................ 11

**വിജയം യാദൃശ്ചികമോ** .................................. 13

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**കർദിനാൾമാർ – സഭയുടെ രാജകുമാരന്മാർ** ............. 15

**നിന്നിൽ ഒരിടം തേടി** .................................... 16

**അപ്പൻ** .................................................. 17

*അയൽക്കൂട്ടം*
**ജൂബിലി വർഷത്തെ നോമ്പുകാലം** .................... 19

**മതബോധന വാർത്തകൾ** ............................... 21

**രൂപത വാർത്തകൾ** ..................................... 22

**പിതാവിന്റെ ഡയറി – മാർച്ച്** ............................ 27

**ലോഗോസ് ക്വിസ് ഉത്തരം** ............................... 27

*വചനധ്യാനം*
**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം** .... 28



# തപസ്സിലും പരീക്ഷയിലുമുള്ള പരീക്ഷണം



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

തപസ്സുകാലവും പരീക്ഷകാലവും ഒരേസമയത്ത് എത്തുമ്പോൾ ഇവ രണ്ടിനെയും ബന്ധിപ്പിക്കുന്ന ഒരു വലിയ യാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിക്കുവാൻ നിങ്ങളെ ക്ഷണിക്കുന്നു. തപസ്സുകാലവും പരീക്ഷകാലവും ഒരു പരീക്ഷണ കാലഘട്ടമാണ്. ഈശോയുടെ ജീവിതത്തിലെ തപസ്സുകാലത്തിലെ, അല്ലെങ്കിൽ മരുഭൂമി അനുഭവത്തിന്റെ ചുവടുപിടിച്ചാണ് സഭയിൽ നമ്മൾ 40 ദിനരാത്രങ്ങൾ ഉപവാസം നടത്തുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ നാലാം അധ്യായത്തിൽഅനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. യേശു 40 ദിനരാത്രങ്ങൾ ഉപവസിച്ചു. “അപ്പോൾ അവനു വിശന്നു” എന്ന് രേഖപ്പെടുത്തുമ്പോൾ തപസ്സുകാലവും പരീക്ഷാകാലവും ദൈവപുത്രനു പോലും പരീക്ഷണകാലമായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഈ പരീക്ഷണകാലത്തെ വിജയകാലഘട്ടമായി കാണുവാനുള്ള വഴികളും യേശുനാഥൻ തന്റെ ജീവിതരീതിയിലൂടെ നമുക്ക് പറഞ്ഞു തരുന്നുണ്ട്.





*അങ്ങ് ജ്ഞാനത്തെയും അങ്ങയുടെ പരിശുദ്ധാത്മാവിനെയും*
*ഉന്നതത്തിൽ നിന്നു നൽകിയില്ലെങ്കിൽ, അങ്ങയുടെ ഹിതം ആരറിയും!*
ജ്ഞാനം 9 : 17

നാല് ചോദ്യങ്ങൾക്കാണ് യേശുവിനു ഉത്തരം കൊടുക്കേണ്ടിവന്നത്. ഒന്നാമത്തേത് അടിസ്ഥാനപരമായ ഒരു ചോദ്യമാണ്. പിശാച് ചോദിക്കുന്നത് “നീ ദൈവപുത്രൻ ആണെങ്കിൽ...” ഈ ചോദ്യത്തിന് പിശാചിന്റെ സംശയം ജനിപ്പിക്കുന്ന, വക്രത നിറഞ്ഞ ചോദ്യത്തിന് “നീ ആരാണ്,നീ എന്താണ്,നീ എന്തിനാണ് നിലകൊള്ളുന്നത്” എന്ന ചിന്ത മനസ്സിൽ സംശയത്തിന്റെ നെരിപ്പോട് തീർക്കുകയാണ്. ബൈബിളിലുടനീളം യേശുവിനെ കുറിച്ച് മറ്റുള്ളവർ പറയുന്നതും (LK 4:22-23) ജനങ്ങളും ശിഷ്യന്മാരും പറയുന്നതും (Mt 16:13-16) പീലാത്തോസും, പ്രധാന പുരോഹിതന്മാരും പറയുന്നതും (Jn 18:33-37) അശുദ്ധാത്മാക്കൾ വിളിച്ചു പറയുന്നതും (Lk 4:34) വിവിധ രീതിയിലാണെങ്കിലും യേശുവിനെ ശക്തിപ്പെടുത്തുന്ന വാചകം അത് തന്റെ പിതാവിന്റെ വാചകമാണ്. **“ഇവൻ എന്റെ പ്രിയ പുത്രനാണ്”** എന്ന് ജ്ഞാനസ്നാനവേളയിലും രൂപാന്തരീകരണ വേളയിലും നമ്മൾ വായിച്ചു കേൾക്കുന്ന വാചകം.

രണ്ടാമത്തേത് കല്ലിനെ അപ്പമാക്കുക എന്ന പരീക്ഷണമാണ്. നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ച ഈശോ തനിക്കുവേണ്ടി ഒരു അത്ഭുതവും പ്രവർത്തിച്ചില്ല എന്നതാണ് ഏറ്റവും വലിയ അത്ഭുതം. താൻ ഒരു മാജിക്കുകാരൻ അല്ലെന്നും കൈ നനയാതെ മീൻ പിടിക്കുന്ന ലോകത്തിന്റെ വളഞ്ഞ വഴിയിലൂടെ നടക്കുന്നവനോ നടക്കുവാൻ പ്രേരിപ്പിക്കുന്നവനോ അല്ല എന്നും അടിവരയിട്ടുകൊണ്ട്, കല്ലല്ല വചനമാണ് മനുഷ്യന്റെ വിശപ്പ് മാറ്റുന്നതെന്ന് യേശു അസന്ദിഗ്ദമായി പ്രഖ്യാപിക്കുന്നു. നമ്മുടെ പരീക്ഷകളിൽ വിജയം തേടുവാൻ കുറുക്കുവഴികൾ തേടുന്നവരോട് ഇത് മടിയന്മാരുടെയും അലസന്മാരുടെയും ഗൂഢപദ്ധതിയാണെന്ന് ഓർമ്മപ്പെടുത്തുകയാണ് ഈശോ ഇവിടെ.



മുകളിൽ നിന്നും ചാടുക എന്ന മൂന്നാമത്തെ പരീക്ഷണത്തിലൂടെ ദൈവത്തിന്റെ പേരുപറഞ്ഞ് അനാവശ്യമായ സാഹസങ്ങൾക്ക് മുതിരുവാനുള്ള ഒരു പരീക്ഷണമാണ് നിരത്തി വയ്ക്കുന്നത്. ഒന്നും പഠിക്കാതെ നൊവേനയും നേർച്ചയും മാത്രം നടത്തിക്കൊണ്ട് പരീക്ഷയ്ക്ക് തോറ്റുപോകുമ്പോൾ, ദൈവത്തെ പഴിചാരുന്ന അൽപവിശ്വാസികളുടെ വഴിയേ നടക്കാതെ ഈ പൈശാചിക തന്ത്രത്തെ തോൽപ്പിക്കുന്നത് **“ഞാൻ എന്റെ ദൗത്യം ഏറ്റെടുക്കണമെന്ന് എന്നെക്കുറിച്ച് കരുതലുള്ള ദൈവം ആഗ്രഹിക്കുന്നുണ്ട്”** എന്നുള്ള ഏറ്റുപറച്ചിലൂടെ ആയിരിക്കണം.

നാലാമത്തേത് സാത്താനെ സേവിക്കുക, ആരാധിക്കുക എന്ന പരീക്ഷണമാണ്. ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ ദൈവത്തെ തള്ളിപ്പറയുവാനും മറ്റു ദൈവങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പിന്നാലെ പരക്കം പാഞ്ഞു ജീവിതം നിരാശയുടെ കൊടുമുടിയിൽ ആക്കുവാനുള്ള പിശാചിന്റെ കുടിലതന്ത്രത്തെ **“സാത്താനെ ദൂരെ പോവുക”** എന്നു പറഞ്ഞുകൊണ്ട് വിശ്വാസം ഏറ്റു പറയുവാനുള്ള തുറവിയാണ് യേശുനാഥൻ നമുക്ക് നൽകുന്നത്.

തപസ്സുകാലവും പരീക്ഷാകാലവും വിജയത്തിന്റെ വെൺകൊടി പാറിക്കുവാനുള്ള വലിയ സമയമാണെങ്കിൽ, നമ്മുടെ ജീവിതം വിശ്വസ്തതയോടെ ക്രമപ്പെടുത്തുവാൻ നമുക്ക് സാധിക്കണം. ആദർശവും ധാർമികതയും ക്രൈസ്തവമൂല്യങ്ങളും ചാലിച്ചു ചേർത്ത ജോർദാനിൽ കുളിച്ചുകയറി, നമ്മുടെ ദൗത്യം നിർവഹിക്കുവാൻ യേശുവിന്റെ പാതയിലൂടെ നമുക്കും സഞ്ചരിക്കാം. നല്ല ഒരു തപസ്സുകാലവും നല്ല ഒരു പരീക്ഷാകാലവും നിങ്ങൾക്ക് ഏവർക്കും നേരുന്നു. ■



# 40 നോമ്പിന്റെ ദിനങ്ങൾ



**ജോയ് മാനാഞ്ചേരിക്കുന്ന്**

**ക്രി**സ്തുവിന്റെ ഓർമ്മകളെ ശരിയായി ധ്യാനിക്കുകയാണ് യഥാർത്ഥത്തിൽ ആരാധന. നോമ്പന്റെ ആരംഭത്തിൽ പ്രവേശിക്കുമ്പോൾ ധ്യാനിക്കാൻ ചില മുഖങ്ങളുണ്ട് മനസ്സിൽ. ആരാധന കൊണ്ടും ആത്മീയത കൊണ്ടും അനുഭവം കൊണ്ടും നാം അവരെ ധ്യാനിക്കുമ്പോൾ ആയിരിക്കുന്നിടത്തു നിന്നും ആയിരിക്കേണ്ട അവസ്ഥയിലേക്കുള്ള ചുവടുവെപ്പിനെക്കുറിച്ചാണ് ആ മുഖങ്ങൾ നമ്മോടു പറയുന്നത്.

അതിലൊരാൾ സക്കേവൂസാണ്! സ്വയം നിർമ്മിത രീതികളിൽ അയാൾ എല്ലാവരാലും പിൻതള്ളപ്പെട്ട ഇന്നിന്റെ ഒരു രൂപമാണ്. തന്റെ മാത്രം ശരികൾ ജീവിതത്തിന്റെ പരകോടിയിൽ നിൽക്കുമ്പോഴും ഉള്ളിന്റെയുള്ളിൽ അയാൾക്ക് ബാക്കിയാവുന്നത് ശൂന്യത മാത്രമാണ്. മറ്റുള്ളവർ പറഞ്ഞു കേട്ടിട്ടുള്ള കരുണ നിറഞ്ഞ ഗുരുവിന്റെ രൂപം അയാളെ ആ സിക്കമൂർ മരത്തിലെത്തിക്കുന്നു.

തന്റെ കുറവുകളിൽ അയാൾ തികച്ചും ബോധവാനാണ്. തനിക്ക് കാണേണ്ടവൻ തന്റെ ശരികളിൽ നിന്നും തീർത്തും വിഭിന്നമായ ഒരു മുഖമുള്ളവൻ. തന്റെ ഉള്ളറിയാൻ അയാൾക്കാവുമെന്നുള്ള ഉൾഭയംകൊണ്ടാണയാൾ ആ സിക്കമൂർ മരത്തിൽ ഓടിക്കയറുന്നത്!

നിത്യജീവിതത്തിൽ സമൂഹത്തോടോ കുടുംബത്തിലോ അല്ലെങ്കിൽ തന്നോടുതന്നെ നീതി പുലർത്തേണ്ടതായ സമയങ്ങളിൽ സ്നേഹത്തിന്റെ കണികപോലും പ്രകടിപ്പിക്കാത്ത പ്രതിരൂപങ്ങളായി മാറുമ്പോൾ ഏറ്റുവാങ്ങേണ്ടി വരുന്നത് വെറുപ്പും അസഹിഷ്ണുതയും നിറഞ്ഞ സാഹചര്യങ്ങളാണ്. ഒരർത്ഥത്തിൽ ആൾക്കൂട്ടത്തിൽ തനിയേ നിൽക്കേണ്ടിവരുന്ന സക്കേവൂസ്മാർ.

ഇനിയൊരു രക്തസ്രാവക്കാരിയാണ്. ജനക്കൂട്ടത്തോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഭരണാധികാരി ജനക്കൂട്ടത്തിലേക്ക് വരുന്നു. ആ ഭരണാധികാരി വിശ്വസിക്കുന്നതുപോലുള്ള വിശ്വാസം ആൾക്കൂട്ടത്തിലിരിക്കുന്ന മറ്റൊരാൾക്കു കൂടിയുണ്ട്! അത് ആ രക്തസ്രാവക്കാരി സ്ത്രീക്കാണ്. അവർക്ക് അത് പ്രകടിപ്പിക്കാനുള്ള അവസരം അതുവരെ ലഭിച്ചിരുന്നില്ല.

ജനക്കൂട്ടത്തിനിടയിലും അവനെയൊന്ന് തൊടോനാഗ്രഹിച്ച്, അതിയായ വിശ്വാസം അനുഭവമാക്കാൻ അവൾ ആ ആൾക്കൂട്ടത്തിനിടയിലൂടെ ചെന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കുന്നു. തൊടുന്നമാത്ര



*പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും.*

മാർക്കോ 11:24


യിൽ സൗഖ്യത്തിന്റെ ഉറപ്പ് അവൾക്ക് ലഭിക്കുന്നു.

ചിലപ്പോൾ ഈ രക്തസ്രാവക്കാരിയേക്കാൾ വലിയ അനുഭവങ്ങളുണ്ടായിട്ടും നമുക്കങ്ങോട്ട് വിശ്വാസം വരുന്നില്ലായെന്നത് നിരാശാജനകമെന്നേ പറയാനാവൂ.

നമ്മിലെ നന്മകളത്രയും നിഷ്പ്രഭമാക്കുന്ന വർണ്ണപ്രപഞ്ചത്തിൽ ആത്മാവിന്റെ ഉള്ളനക്കങ്ങൾ തിരിച്ചറിയാൻ അകക്കണ്ണിലെ അഞ്ജനം നഷ്ടമായിരിക്കുന്നു. ആത്മീയത ആഘോഷമാക്കുക എന്നതിനുമപ്പുറം അനുഭവമാകണം. ആ രക്തസ്രാവക്കാരിയിലൂടെ വിശ്വാസം ധ്യാനിക്കുക...

ഇനിയൊരാൾ പത്രോസാണ്! എന്തൊരു ധൈര്യമാണയാൾക്ക്! ഒരർത്ഥത്തിൽ ഗുരുവിന്റെ തീരുമാനങ്ങളോട് ഏറ്റവും അടുത്തു നിന്നതും സംസാരിച്ചതും നടപ്പാക്കിയതും അയാളാണ്, അയാളോളം മറ്റാരുമില്ല.

ചുറ്റും കണ്ണോടിച്ചാൽ ഇതുപോലെ കുറേ വ്യക്തിത്വങ്ങൾ നമുക്ക് കാണാനാകും. ചുറ്റുപാടുമുള്ള കാര്യകാരണന്വേഷണങ്ങളിൽ നൂറഭിപ്രായം പറഞ്ഞ് ആത്മീയതയുടെ കൊട്ടാരങ്ങളിലിരുന്ന് മുഖം മിനുക്കുന്നവർ. പക്ഷേ ഒരു രാത്രി അതിജീവിക്കാൻ പത്രോസിനു കഴിയുന്നില്ല.



ഒന്നല്ല...മൂന്നുവട്ടം...ചങ്കാണ് ചങ്കിടിപ്പാണ് എന്നൊക്കെ വിളിച്ചുപറഞ്ഞിട്ടും ആദ്യത്തെ ചോദ്യത്തിനു മുമ്പിൽ തള്ളിപ്പറയുന്നു. തുടർന്ന് രണ്ടുവട്ടം.



അതെ! ചിലപ്പോഴൊക്കെ നമ്മുടെ ജീവത്തിലും ഈ പത്രോസിന്റെ പിൻഗാമികളാകുന്ന, തല കുനിയുന്ന മുഹൂർത്തങ്ങൾ ഉണ്ടാകാറുണ്ട്. ചില ചോദ്യങ്ങളോട്, സാഹചര്യങ്ങളോട്, വിശ്വാസങ്ങളോട് സന്ധിചെയ്യുന്നവർ. ഉള്ളറിയുന്നവന്റെ മുൻപിൽ ഉള്ള് തുറക്കാനുള്ള അവസരങ്ങളെല്ലാം പാടെ മറന്ന് പത്രോസിൽ നിന്ന് യൂദാസിലേക്ക് യാത്ര ചെയ്യുന്നവർ...

കണ്ണീരിന്റെ അതിർവരമ്പിൽ നിന്ന് പത്രോസ് തിരിഞ്ഞുനോക്കുന്നത് പ്രത്യാശ നിറഞ്ഞവന്റെ മുഖത്തേക്കാണ്. പലപ്പോഴും നമുക്ക് നഷ്ടമാകുന്ന ഒരു കാഴ്ച പത്രോസിന് സ്വന്തമായി. അവിടുന്നങ്ങോട്ട് ഒരേറ്റുപറച്ചിലിന്റെ മാറ്റത്തിനായി അയാൾ കാത്തിരുന്നു.

പറയാൻ ബാക്കിവച്ചത്!

**1. സക്കേവൂസ് വേഗം ഇറങ്ങിവരിക!**

അതെ. ഒറ്റപ്പെട്ട തുരുത്തുകളായി മാറിപ്പോയ പല ജന്മങ്ങളുണ്ട് ചുറ്റിലും! ഈ നാൽപതു ദിനങ്ങളിൽ ധ്യാനിക്കാൻ സക്കേവൂസ് ഒരു മാതൃകയാണ്!

സ്വന്തം ശരികളിൽ കുടുങ്ങി, പതുങ്ങി, തട്ടിവീഴാതെ പ്രത്യാശയുടെ സിക്കമൂർ വൃക്ഷങ്ങളാകാൻ, നമ്മൾക്കാവണം. നിന്റെ സാമീപ്യമോ, ചുണ്ടനക്കമോ, എല്ലാം ഒരു മാറ്റത്തിന് കാരണമാകട്ടെ!

അവനും ഏറ്റുപറയുന്നത് കേൾക്കുന്നില്ലേ...?

ഞാൻ ആരുടെയെങ്കിലും വക വഞ്ചിച്ചെടത്തിട്ടുണ്ടെങ്കിൽ...

മറുപടി ലളിതം...

ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു.

**2. രക്തസ്രാവക്കാരി!**

ആൾക്കൂട്ടത്തിനിടയിൽ ഏറ്റുപറയാൻ തക്ക വിശ്വാസം ശേഷിച്ചിട്ടും പ്രാപ്യമാകാത്ത ഒരുവൾ... കാത്തിരിപ്പിനൊടുവിൽ അവൾ നേടിയെടുക്കുന്നത് അവളുടെ വിശ്വാസത്തിന്റെ പൂർണ്ണതയാണ്.

നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ആത്മീയത അനുഭവമാകുന്നതിന്റെ നേർസാക്ഷ്യം.

**3. നീയെന്നെ സ്നേഹിക്കുന്നുവോ...?**

അതെ! ചോദ്യങ്ങൾ ശരവേഗത്തിലാണ്; കാരണം അതൊരു ഏറ്റുപറച്ചിലാണ്! അറിയില്ലയെന്ന് ആണയിട്ടു പറഞ്ഞ് കോഴി കൂവിയ നിമിഷം മുതൽ പശ്ചാത്താപത്തിന്റെ കണ്ണുനീര് അവന്റെ കണ്ണിൽ നിന്ന് മാഞ്ഞിട്ടില്ല...

കൂടെയുണ്ടായിരുന്നപ്പോഴും കൂട്ടായിരുന്നപ്പോഴും സൗഹൃദത്തിന്റെ നടുക്കഷണം ഭക്ഷിച്ചവനെന്ന് അഹങ്കരിച്ചവൻ...

താമസിക്കാൻ മലമുകളിൽ മൂന്നു കൂടാരങ്ങൾ പണിയാൻ അനുവാദം ചോദിച്ചവൻ...

തലകുനിഞ്ഞു നിന്നാണ് പത്രോസ് അവന്റെ ചേദ്യത്തിനു മറുപടി നൽകിയത്.

ഏറ്റുപറച്ചിലിന്റെ കാൽവരി അയാളെ സഭയുടെ അടിത്തറയാക്കുന്നു.

ഈ നോമ്പുകാലം അനുഭവങ്ങളുടെ ഒരു സമയമായിത്തീരാൻ വഴിതെളിയട്ടെ! അവന്റെ ഓർമ്മകളെ ധ്യാനിക്കുമ്പോൾ പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ "ആരെന്നെ വേർപെടുത്തും ഈ സ്നേഹത്തിൽ നിന്ന്." അതെ! ആത്മീയത അനുഭവമാണ്! അതിനൊരു മുന്നൊരുക്കമാകട്ടെ ഈ നോമ്പുകാലം.

■

## ഡോ. അംബ്രോസ് പുത്തൻവീട്ടിൽ KRLCBC മീഡിയ കമ്മീഷൻ ചെയർമാൻ



കേരള ലത്തീൻ സഭാ മെത്രാന്മാരുടെ കൂട്ടായ്മയായ കെആർഎൽസി ബിസിയുടെ (കേരള റീജൻ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ) മീഡിയ കമ്മീഷൻ ചെയർമാനും സഭയുടെ ഔദ്യോഗിക മുഖപത്രമായ ജീവനാദത്തിന്റെ എപ്പിസ്കോപ്പൽ ചെയർമാനുമായി കോട്ടപ്പുറം ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നിയമിതനായി. വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ചെയർമാൻ സ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണു നിയമനം. ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തനും ബിഷപ് ഡോ. അലക്സ് വടക്കുംതലയും മീഡിയ കമ്മിഷൻ അംഗങ്ങളാണ്.



എന്റെ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും.
യോഹ 14 : 26





# അനുരഞ്ജന കൂദാശ



**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

**നെ**റ്റിത്തടത്തിൽ ചാരം പൂശി, 'മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിലേക്കു തന്നെ നീ മടങ്ങുക' എന്ന ഓർമ്മപ്പെടുത്തലോടെ വീണ്ടും ഒരു തപസ്സുകാലം ആഗതമാകുകയാണ്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനം വാഗ്ദാന ദേശത്തേക്ക് നടത്തിയ 40 വർഷത്തെ തീർത്ഥാടനം പോലെ ക്രൈസ്തവരായ നാം വീണ്ടും 40 ദിനരാത്രങ്ങൾ നീണ്ടുനിൽക്കുന്ന നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണ്. 2025 എന്ന ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർത്ഥാടകരായി' ക്രിസ്തുവെന്ന വലിയ ഇടയനെ അനുഗമിക്കുമ്പോൾ ഈ യാത്ര സുഗമമാക്കുവാൻ ഈശോ നമുക്കുവേണ്ടി ഒരുക്കിവച്ച സൗഖ്യത്തിന്റെ രണ്ട് കൂദാശകളിൽ ഒന്നായ അനുരഞ്ജന കൂദാശയെക്കുറിച്ചുള്ള സഭാ പഠനങ്ങൾ നമുക്കു പരിശോധിക്കാം.

മാനസാന്തരത്തിന്റെ കൂദാശ, അനുതാപ കൂദാശ, ഏറ്റുപറച്ചിലിന്റെ കൂദാശ, ക്ഷമിക്കലിന്റെ കൂദാശ, അനുരഞ്ജനത്തിന്റെ കൂദാശ എന്നെല്ലാം ഈ കൂദാശ വിളിക്കപ്പെടുന്നു. യേശു തന്നെയാണ് ഈ കൂദാശയുടെ സ്ഥാപകൻ. ഉത്ഥാനത്തിനു ശേഷം യേശു തന്റെ ശിഷ്യരോട് അരുളിച്ചെയ്തു, ***"നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20 : 22-23).*** ദൈവത്തിനു മാത്രമേ പാപങ്ങൾ ക്ഷമിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ പാപം മോചിപ്പിക്കുവാനുള്ള അധികാരം യേശു നൽകിയതുകൊണ്ടു മാത്രമാണ് വൈദികർക്ക് യേശുവിന്റെ പ്രതിപുരുഷർ എന്ന നിലയിൽ പാപങ്ങൾ മോചിപ്പിക്കുവാൻ കഴിയുന്നത് (CCC 1441 - 1442).

ലത്തീൻ സഭയിൽ ഉപയോഗിക്കുന്ന പാപമോചന വാക്യങ്ങൾ ഈ കൂദാശയുടെ സത്താപരമായ ഘടകങ്ങളെ വെളിവാക്കുന്നുണ്ട്. കാരുണ്യത്തിന്റെ പിതാവാണ് എല്ലാ ക്ഷമിക്കലിന്റെയും ഉറവിടം. അവിടുന്ന് തന്റെ പുത്രന്റെ പെസഹായിലൂടെയും പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെയും സഭയുടെ പ്രാർത്ഥനയും ശുശ്രൂഷയും വഴിയും പാപികളുടെ അനുരഞ്ജനം സാക്ഷാത്കരിക്കുന്നു. ***"കാരുണ്യവാനായ പിതാവായ ദൈവം തന്റെ പുത്രന്റെ മരണവും ഉത്ഥാനവും വഴി ലോകത്തെ തന്നോടുതന്നെ രമ്യതപ്പെടുത്തി പാപങ്ങളുടെ പൊറുതിക്കായി പരിശുദ്ധാത്മാവിനെ നമ്മുടെ ഇടയിലേക്ക് അയക്കുകയും ചെയ്തു. സഭയുടെ ശുശ്രൂഷയിലൂടെ ദൈവം നിനക്ക് പാപമോചനവും സമാധാനവും നൽകട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമ***

***ത്തിൽ ഞാൻ നിന്നെ നിന്റെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുന്നു"*** (CCC 1449). ഈ വാക്കുകളോടെയാണ് പുരോഹിതൻ ഒരുവന്റെ പാപം മോചിപ്പിക്കുന്നത്. വിശുദ്ധ കുമ്പസാരത്തിൽ ഈ ആശിർവ്വാദത്തിന് വളരെ പ്രാധാന്യമുണ്ട്. ലത്തീൻ ഭാഷയിൽ ഇതിനെ 'അബ്സോലൂസ്യോ' എന്നു പറയുന്നു. അഴിക്കുക, കുറ്റവിമുക്തനാക്കുക എന്നിങ്ങനെ അർത്ഥമുള്ള 'അബ്സോൾവെരെ' എന്ന ക്രിയയിൽ നിന്നുണ്ടായ നാമമാണിത്. ഇംഗ്ലീഷിലെ 'അബ്സൊലൂഷൻ' (Absolution) ഇതിൽ നിന്നു വരുന്നതാണ്. ഒന്നോ അതിലധികമോ പാപങ്ങൾക്ക് വൈദികൻ നൽകുന്ന കൗദാശികമായ പാപപ്പൊറുതിയാണ് പാപമോചനം.



കുമ്പസാരത്തിനായി അണയുന്ന ഒരു വ്യക്തിയിൽ ആദ്യം ഉണ്ടാകേണ്ടത് 'മനസ്താപമാണ്.' ആത്മാവിന്റെ ദുഃഖവും ചെയ്ത പാപത്തോടുള്ള വെറുപ്പും വീണ്ടും ചെയ്യുകയില്ലെന്ന പ്രതിജ്ഞയുമാണത് (CCC 1451). രണ്ടാമതായി വരുന്നതാണ് 'പാപങ്ങളുടെ ഏറ്റുപറച്ചിൽ.' അനുതാപികൾ ഉത്സാഹപൂർവ്വം നടത്തുന്ന ആത്മപരിശോധനയ്ക്കു ശേഷം തങ്ങൾ ചെയ്തിട്ടുണ്ടെന്ന് അവർക്ക് ബോധ്യം വരുന്ന എല്ലാ മാരകപാപങ്ങളും കുമ്പസാരത്തിൽ ഏറ്റുപറയാം (CCC 1456). മൂന്നാമതായി വരുന്നതാണ് 'പരിഹാരം ചെയ്യൽ.' പാപമോചനാശിർവ്വാദം പാപത്തെ നീക്കം ചെയ്യുന്നു. പക്ഷേ, പാപം ഉണ്ടാക്കിയിട്ടുള്ള എല്ലാ ക്രമരാഹിത്യങ്ങളേയും അതു പരിഹരിക്കുന്നില്ല. പാപത്തിൽ നിന്ന് ഉയർത്തപ്പെട്ടുവെങ്കിലും പാപി തന്റെ ആദ്ധ്യാത്മികാരോഗ്യം പൂർണ്ണമായി വീണ്ടെടുക്കേണ്ടിയിരിക്കുന്നു. തന്റെ പാപത്തിന്റെ പ്രതിവിധിയായി എന്തെങ്കിലും കൂടുതൽ ചെയ്തുകൊണ്ടാണ് അതു വീണ്ടെടുക്കേണ്ടത്. അവൻ തന്റെ പാപങ്ങൾക്ക് പരിഹാരം ചെയ്യണം. ഈ പരിഹാര പ്രക്രിയ 'പ്രായശ്ചിത്തം' എന്നു വിളിക്കപ്പെടുന്നു (CCC 1460).

എന്താണ് ഈ കൂദാശയുടെ ഫലങ്ങൾ? അനുതാപ കൂദാശയുടെ മുഴുവൻ ശക്തിയും നമ്മെ ദൈവത്തിന്റെ കൃപാവരത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്നതിനും അവിടുത്തോടുള്ള ഉറ്റസൗഹൃദത്തിൽ നമ്മെ ചേർക്കുന്നതിലും അടങ്ങിയിരിക്കുന്നു. ഈ അനുഗ്രഹഫലങ്ങളിൽ ഏറ്റവും അമൂല്യമായത് ദൈവവുമായുള്ള സൗഹൃദം പുനഃസ്ഥാപിക്കപ്പെടുന്നു എന്നതാണ്. മാത്രമല്ല, ഈ കൂദാശ നമ്മെ സഭയുമായി രഞ്ജിപ്പിക്കുന്നു. പാപം സാഹോദര്യത്തിന്റെ സംസർഗത്തിന് കോട്ടംവരുത്തുന്നു. ചിലപ്പോൾ അതിനെ തകർക്കുകയും ചെയ്യുന്നു. എന്നാൽ ഈ കൂദാശയിലൂടെ അത് പുനഃസ്ഥാപിക്കപ്പെടുന്നു. അതോടൊപ്പം പാപരഹിതനായ അനുതാപി തന്നോടുതന്നെ പൂർണ്ണമായും രമ്യതപ്പെടുന്നു. ഇതുവഴി പാപിയായിരുന്ന ഒരുവൻ മരണത്തിൽ നിന്ന് ജീവനിലേക്ക് കടക്കുന്നു (CCC 1468 - 1470). വി. ജോൺ വിയാനിയുടെ വാക്കുകൾ എന്നും ഓർക്കേണ്ടതുണ്ട്; "നാം നമ്മുടെ മാനസാന്തരം മരണംവരെ വീണ്ടും വീണ്ടും മാറ്റിവച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, മരണസമയത്ത് അതിനു സമയമോ ശക്തിയോ ലഭിക്കുമെന്ന് ആർക്കു പറയാൻ കഴിയും?" ദൈവത്തോടുള്ള ഐക്യം പാപം വഴി നഷ്ടപ്പെടുത്തിയതിനു ശേഷം അതിലേക്ക് തിരിച്ചുവരാൻ കഴിയുന്നത് കരുണാസമ്പന്നനും മനുഷ്യന്റെ രക്ഷ ആഗ്രഹിക്കുന്നവനുമായ ദൈവത്തിന്റെ കൃപാവരത്തിന്റെ പ്രവർത്തനമാണ്. ആയതിനാൽ അമൂല്യമായ ഈ ദാനം കൃതജ്ഞതയോടെ നമുക്കു സ്വീകരിക്കാം. അനുരഞ്ജനത്തിന്റെ ഈ തപസ്സുകാലത്ത് സൗഖ്യത്തിന്റെ കൂദാശ നമുക്കു സ്വീകരിക്കാം. നല്ലൊരു തപസ്സുകാലം ആശംസിക്കുന്നു. ■



# മൃഗ കലാപങ്ങൾ



**ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ**

**പു**സ്തക ഷെൽഫുകളെ അലങ്കരിക്കുക എന്നതിലുപരി ചരിത്രരചനകൾ വായനാക്ഷമമാകുന്ന കാലഘട്ടമാണിത്. രണ്ടു കാരണങ്ങളാണ് അതിനുള്ളത്. ഒന്ന്, ചരിത്രരചനകൾ സാംസ്കാരിക പഠനങ്ങളുടെ (cultural studies) വെളിച്ചത്തിൽ അവതരിപ്പിക്കപ്പെടുന്നു എന്നത്. ഇതുമൂലം ചരിത്രം ഏറെ വ്യാഖ്യാനാത്മകവും ലളിതവും സൂക്ഷ്മവുമായിമായി മാറുന്നു. രണ്ടാമതായി, വ്യത്യസ്തമായ കാഴ്ചപ്പാടുകളിലൂടെ ചരിത്രം അവതരിപ്പിക്കപ്പെടുന്നു. അതിനാൽ ചരിത്ര സംഭവങ്ങൾക്ക് പല മട്ടിലുള്ള വായനകൾ സാധ്യമാകുന്നു.

ഒരു ചരിത്ര സംഭവം തന്നെ പല പ്രകാരത്തിലുള്ള വായനകളെ സാധ്യമാക്കുന്ന അനുഭവം നമുക്കു മുൻപിൽ ഉണ്ട്. അത്തരത്തിലുള്ള ഒന്നാണ് മലബാർ കലാപത്തെപ്പറ്റിയുള്ള ചരിത്രരചനകൾ. എത്രയോ തരത്തിലുള്ള ചരിത്ര സമീപനങ്ങളിലൂടെ മലബാർ കലാപത്തെകുറിച്ച് എഴുതപ്പെട്ടിട്ടുണ്ട്. കാർഷിക ലഹളയായും, മാപ്പിള ലഹളയായും, സ്വാതന്ത്ര്യ പോരാട്ടമായും, ചരിത്രത്തിൽ മലബാർ കലാപം ഇടംപിടിച്ചിട്ടുണ്ട്. ഇങ്ങനെ വ്യത്യസ്തമായ വീക്ഷണശ്രമങ്ങളിലൂടെ എഴുതപ്പെട്ട മലബാർ കലാപത്തെക്കുറിച്ചുള്ള പുതിയ ചരിത്രാഖ്യാനമാണ് മൃഗ കലാപങ്ങൾ എന്ന ചരിത്രപുസ്തകം. (മഹ്മൂദ് കൂരിയ, മൃഗ കലാപങ്ങൾ : മലബാർ സമരങ്ങളുടെ മനുഷ്യേതര ചരിത്രങ്ങൾ, കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2023). ഒറ്റ വാക്കിൽ പറഞ്ഞാൽ മലബാർ സമരങ്ങളുടെ മനുഷ്യേതര ചരിത്രമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

ആഴത്തിൽ ചിന്തിച്ചാൽ മനുഷ്യലോകം മൃഗലോകവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ഭക്ഷണത്തിനും മരുന്നിനും കൃഷിക്കുമായി മനുഷ്യൻ മൃഗങ്ങളെ അളവില്ലാത്തവിധം ആശ്രയിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യരുടെ ആശയ ലോകവുമായും മൃഗങ്ങൾക്ക് ബന്ധമുണ്ട്. മൃഗങ്ങൾ കഥാപാത്രങ്ങളായി വരുന്ന നിരവധി സാഹിത്യ രചനകൾ പല സംസ്കാരങ്ങളിലും ഉണ്ട്. ജാതക കഥകൾ, പഞ്ചതന്ത്രം, ഈസോപ്പ് കഥകൾ എന്നിവയിലെല്ലാം മൃഗങ്ങൾ കഥാപാത്രങ്ങളായി എത്തുന്നു. അവർ മനുഷ്യരെപ്പോലെ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നു.

ക്രൈസ്തവ ലോകത്തിലും മൃഗങ്ങൾക്ക് സാന്നിധ്യമുണ്ട്. പക്ഷിമൃഗാദികളോട് കൂട്ടുകൂടുന്ന നിരവധി വിശുദ്ധർ ക്രൈസ്തവ സഭയിൽ ഉണ്ട്. എങ്കിലും സ്ഥിരബോധമില്ലാത്ത മൃഗങ്ങളോട് മനുഷ്യർക്ക് കൂട്ട് വേണ്ട എന്നാണ് മധ്യകാല ക്രൈസ്തവ ആത്മീയത വിശ്വാസികളെ ഉപദേശിച്ചിട്ടുള്ളത്. മൃഗങ്ങളുടെ സഹനങ്ങൾ ക്രിസ്തുവിന്റെ സഹനങ്ങൾ പോലെ നിഷ്കളങ്കമാണ് എന്ന് എഴുതി ഞെട്ടിച്ചു കളഞ്ഞത് ക്രൈസ്തവ ചിന്തകനായ (Moral Theologian) ബർണാഡ് ഹയറിങ് (Bernad Haring) ആണ്.

പക്ഷിമൃഗാദികൾ ദൈവപരിപാലനയുടെ അടയാളങ്ങളാണെന്ന് വേദഗ്രന്ഥം ഓർമ്മപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് ഏലിയായോട് ദൈവം പറയുന്നത് നിനക്ക് ക്ഷണം തരാൻ കാക്കകളെ ഏൽപ്പിച്ചിട്ടുണ്ട് (1 രാജാ. 17:4). പരിസ്ഥിതിക ദൈവശാസ്ത്രത്തോടൊപ്പം വളർന്നുവന്ന മറ്റൊരു പഠനശാഖയാണ് മൃഗ ദൈവശാസ്ത്രം (animal theology). മൃഗങ്ങൾ എങ്ങനെയാണ് ദൈവപരിപാലന വെളിപ്പെടുത്തുന്നത് എന്നതാണ് ഇതിന്റെ പഠനവിഷയം. അങ്ങനെ മനുഷ്യരുടെ വിശ്വാസജീവിതത്തിലും ഭൗതിക ജീവിതത്തിലും മൃഗങ്ങൾക്ക് നിർണായകമായ പങ്കുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും മൃഗങ്ങളുടെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തി ഒരു ചരിത്രരചന മലയാളത്തിൽ നിർവഹിക്കപ്പെടുന്നത് ആദ്യമായിട്ടാണെന്ന് തോന്നുന്നു. കേരളത്തിലെ ചരിത്രരചനകളിൽ മൃഗങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കടന്നുവരുന്നുണ്ടെങ്കിലും മൃഗലോകത്തെ അടിസ്ഥാനപ്പെടുത്തി ഒരു ചരിത്രരചന, കേരള ചരിത്രത്തിൽ ഉണ്ടാകുന്നത് ആദ്യമായിട്ടാണ്.

മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള അന്വേഷണങ്ങൾ സമീപകാലത്ത് ഏറെ ശക്തമാണ്. ദേശീയ-പ്രാദേശിക ചരിത്രാന്വേഷണങ്ങളും പരിസ്ഥിതി പഠനങ്ങളും ഇത്തരം അന്വേഷണങ്ങൾക്ക് ഊർജ്ജം പകരുന്നു. ഈ രംഗത്ത് മൗലികമായ സംഭാവനകൾ നൽകിയിട്ടുള്ളവരാണ് മാർഗരറ്റ് ഡെറി, ക്ലൗഡ് ലെവിസ്ട്രോസ്, വെർജീനിയ ആൻഡ്സൺ തുടങ്ങിയ ചിന്തകർ.


189 പേജുകളുള്ള ഈ പുസ്തകത്തിൽ ആമുഖവും ഉപസംഹാരവും കൂടാതെ 6 അധ്യായങ്ങൾ ചേർത്തിരിക്കുന്നു. മലബാർ സമരത്തെ പ്രത്യക്ഷമോ പരോക്ഷമോ ആയി സ്വാധീനിച്ചിട്ടുള്ള മൃഗങ്ങളുടെ വ്യത്യസ്ത ഇടപെടലുകളാണ് ഈ അധ്യായങ്ങളുടെ ഉള്ളടക്കം. കഴുതകൾക്ക് സമര ഭാരങ്ങൾ, ആന നയിച്ച കലാപങ്ങൾ കുതിരകളുടെ പടകൾ, കാലികുളമ്പടികൾ, നായസമരങ്ങൾ, പൂച്ച വധം മുതൽ എലിപ്പട വരെ എന്നിങ്ങനെയാണ് അധ്യായങ്ങളുടെ പേരുകൾ. ഏതു മൃഗങ്ങളുമായി ബന്ധപ്പെട്ട ചരിത്ര വർണ്ണനകൾ ആണ് ഈ അധ്യായങ്ങളുടെ ഉള്ളടക്കം എന്ന് തലക്കെട്ടിൽ നിന്നു തന്നെ വ്യക്തമാണ്.

ഗവേഷണപരമായ രീതിശാസ്ത്രത്തിൽ നിന്നുകൊണ്ടാണ് മലബാർ സമരങ്ങളിലെ മനുഷ്യ - മൃഗ ബന്ധങ്ങളെ കുറിച്ച് ഈ പുസ്തകം അന്വേഷിക്കുന്നത്. ഒട്ടനവധി മൃഗങ്ങൾ സമരങ്ങളുടെ നിരവധി ഫ്രെയിമുകളിൽ വന്ന് സ്ഥാനമുറപ്പിക്കുകയും മറയുകയും ചെയ്തിട്ടുണ്ട്. സമരവുമായി ബന്ധപ്പെട്ട നിരവധി മനുഷ്യരുടെ ഇരകളായും സഹയാത്രികരായും മുദ്രകളായും സമ്മാനങ്ങൾ ആയും വാഹനങ്ങളായും ചിത്രങ്ങളായും മോഷണ വസ്തുക്കളായും കഴുതകളും കുതിരകളും കന്നുകാലികളും ആനകളും നായകളും പൂച്ചകളും എലികളും പ്രത്യക്ഷപ്പെടുന്നു. അവയുടെ ചരിത്രവും സമരങ്ങളിലെ പങ്കും അനാവരണം ചെയ്യാൻ മാത്രമല്ല, കേരള ചരിത്രത്തിന്റെ നിർമ്മിതിയിൽ വിവിധ മൃഗങ്ങൾ വഹിച്ച അനിഷേധ്യമായ പങ്ക് അംഗീകരിക്കാനും അന്വേഷിക്കുവാനും ഈ പഠനം നിമിത്തമാകുന്നു. ■



*അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും; എന്റെ അടുക്കൽവന്നു പ്രാർഥിക്കും. ഞാൻ നിങ്ങളുടെ പ്രാർഥന ശ്രവിക്കും.*

*ജറെ 29:12*



# വിജയം യാദൃശ്ചികമോ ?

സിസ്റ്റർ അഖില റോസ് CTC


**പ**രീക്ഷാ കാലഘട്ടമാണല്ലോ ഇത്. ഈ ഒരു സമയം തന്നെയാണ് നാം വിജയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുന്നതും സ്വപ്നം കാണുന്നതും. വിജയം എന്നത് ഒരു യാദൃശ്ചിക സംഭവമല്ല, മറിച്ച് നമ്മൾ ബോധപൂർവ്വം വളർത്തിയെടുക്കുന്ന മനോഭാവത്തിന്റെ ഫലമാണ്. അതിന് ആദ്യം ചെയ്യേണ്ടത് മനസ്സിനെ ശരിയായ രീതിയിൽ നിയന്ത്രിക്കുകയും അനാവശ്യ ചിന്തകളെ ഒഴിവാക്കി നമുക്കാവശ്യമായതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയുമാണ്. വിജയത്തെ ഓരോരുത്തരും വ്യത്യസ്തമായ രീതിയിലാണ് നോക്കിക്കാണുന്നത്. കുട്ടികൾക്കത് പരീക്ഷയിലെ വിജയമാണെങ്കിൽ മുതിർന്നവർക്ക് ധനവും അംഗീകാരവും സ്ഥാനമാനങ്ങളും ഒക്കെയാകാം. ഇതൊന്നും പെട്ടെന്ന് നേടിയെടുക്കാനാവുന്നതല്ല. മഹത്തായ ഒരു ലക്ഷ്യം പടിപടിയായി പൂർത്തീകരിക്കുന്നതാണ് വിജയം. ഇതിന് നാം ആദ്യം ചെയ്യേണ്ടത് ലക്ഷ്യം നിർണയിക്കുക എന്നതാണ്. ജീവിതം ഒരു യാത്രയാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം സ്വർഗം ലക്ഷ്യമാക്കിയുള്ള യാത്ര. ആത്യന്തികമായ ഈ ലക്ഷ്യം പ്രാപിക്കാനുള്ള ഒരുക്കവും പരിശ്രമവുമാണ് ഈ ലോക ജീവിതത്തിലെ നമ്മുടെ പ്രാർത്ഥനയും തപശ്ചര്യകളും പുണ്യ പ്രവർത്തികളുമെല്ലാം.

ലക്ഷ്യങ്ങൾ പലവിധത്തിൽ ഉണ്ട്. അവയുടെ സമയപരിധിയും പലതരത്തിലാണ്. ഇന്നേ ദിനം നാം നേടിയെടുക്കാൻ ആഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ ഉണ്ടാകാം. അതല്ലെങ്കിൽ ഒരാഴ്ചയിൽ, മാസത്തിൽ, ഒരു വർഷത്തിനുള്ളിൽ, അഞ്ചുവർഷത്തിനുള്ളിൽ പുതിയ കോഴ്സ് നേടിയെടുക്കുന്നതിനായി, ഒരു ജോലി ലഭിക്കുന്നതിനായി, ജീവിതാന്തസ്സിലേക്ക് പ്രവേശിക്കുന്നതിനായി... ലക്ഷ്യം എന്താണെങ്കിലും അവ വ്യക്തമായിരിക്കണം, യാഥാർഥ്യത്തിൽ അധിഷ്ഠിതമായിരിക്കണം, സമയാധിഷ്ഠിതവുമായിരിക്കണം.

ലക്ഷ്യങ്ങളും സ്വപ്നങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. സ്വപ്നങ്ങളും ആഗ്രഹങ്ങളും പലപ്പോഴും വെറും മോഹങ്ങൾ മാത്രമാണ്. എന്നാൽ സമയപരിധിയോടും അച്ചടക്കത്തോടും പ്രവർത്തന പദ്ധതിയോടും കൂടിയ സ്വ

പ്നങ്ങൾ നമ്മെ ലക്ഷ്യത്തിലെത്തിക്കുകയും ചെയ്യും. ആയതിനാൽ ഒരു സ്വപ്നം എങ്ങനെ യാഥാർത്ഥ്യമാക്കാം എന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഒന്നാമതായി കൃത്യവും വ്യക്തവുമായ ഒരു ലക്ഷ്യം മനസ്സിൽ കുറിച്ചിടുക, ഈ ലക്ഷ്യം നേടാനായി പദ്ധതി രൂപീകരിക്കുക, അത് നാം എപ്പോഴും കാണാനിടയുള്ള ഒരു സ്ഥലത്ത് കുറിച്ചിടുക, അത് ദിവസവും രണ്ടുനേരം വായിക്കുക.

നമുക്ക് നേടാൻ കഴിയുന്നതായിരിക്കണം നമ്മുടെ ലക്ഷ്യങ്ങൾ. അവ അപ്രാപ്യമോ അപ്രായോഗികമോ ആകാതിരിക്കാൻ ശ്രദ്ധിക്കണം. ലക്ഷ്യത്തിലേക്കുള്ള നമ്മുടെ യാത്രയിൽ പരാജയം എന്നത് തികച്ചും സ്വാഭാവികമാണ്. വിശിഷ്ടമായ വിജയം നേടിയവരൊക്കെയും കഠിനമായ തടസ്സങ്ങളെ അതിജീവിച്ചിട്ടുണ്ടെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. ജീവിതത്തിലേക്ക് കടന്നുവരുന്ന തടസ്സങ്ങളെ അതിജീവിക്കുമ്പോൾ കൂടുതൽ ആത്മവിശ്വാസം നമുക്ക് ലഭിക്കുന്നു. ഒരു ഇംഗ്ലീഷ് പഴമൊഴി ഇപ്രകാരമാണ്. 'ശാന്തമായ സമുദ്രം ഒരിക്കലും വിദഗ്ധനായ ഒരു നാവികനെ സൃഷ്ടിക്കുന്നില്ല.' പ്രാരംഭത്തിൽ പല കാര്യങ്ങളും പ്രയാസമായിരിക്കാം. എന്നാൽ പരിശ്രമത്തിലൂടെ അവയെ എളുപ്പമാക്കി തീർക്കാൻ നമുക്ക് സാധിക്കും. പരാജയം വിജയത്തിലേക്കുള്ള ചവിട്ടുപടിയാണെന്ന് നാം കേട്ടിട്ടുണ്ടല്ലോ. വിജയിക്കണമെങ്കിൽ പലതവണ പരാജയപ്പെടണം. പരീക്ഷകളിലും ജീവിതത്തിലും ഉണ്ടാകുന്ന ചെറിയ പരാജയങ്ങളിൽ മനം മടുക്കാതെ, തകർന്ന് പോകാതെ സമചിത്തതയോടെ അവയെ നേരിടാൻ നാം ശീലിക്കണം. ജീവിതത്തിൽ നാം കീഴടക്കുന്ന ഉയരങ്ങളെക്കാൾ ഓരോ വീഴ്ചയ്ക്കു ശേഷവും നാം നടത്തുന്ന ശക്തമായ തിരിച്ചുവരവാണ് യഥാർത്ഥ വിജയം നിർണയിക്കുന്നത്. ലക്ഷ്യത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിലെ തിരിച്ചടികൾ നമുക്ക് പ്രചോദനമാകണം.



തോറ്റു എന്ന് ചിന്തിച്ചാൽ, തോൽവിയുറപ്പാണ്. ജയിക്കാൻ ആഗ്രഹമുണ്ടെങ്കിലും കഴിയില്ലെന്ന് ചിന്തിച്ചാൽ, വിജയിക്കില്ലെന്നുറപ്പാണ്.

എന്നാൽ, ജയിക്കുമെന്ന് വിശ്വസിച്ചാൽ വൈകാതെ ജയിക്കുമെന്നതും ഉറപ്പാണ്.

ദൃഢനിശ്ചയമുള്ള വ്യക്തിയിലേക്കാണ് വിജയം എത്തുന്നത്. ആയതിനാൽ ഉയർന്ന ചിന്തകൾ കൊണ്ട് മനസ്സുനിറയ്ക്കുകയും ആത്മവിശ്വാസം വളർത്തിയെടുക്കുകയും ചെയ്യാം. അത് നമുക്ക് ആനന്ദം നൽകും. വിജയവും സന്തോഷവും എപ്പോഴും കൈകോർത്തിരിക്കുന്നതാണ്. വിജയമെന്നാൽ ആഗ്രഹിക്കുന്നത് ലഭിക്കുക എന്നതാണ്. ലഭിച്ചതിലുള്ള സംതൃപ്തിയാണ് സന്തോഷം. നമുക്ക് ദാനമായി ലഭിച്ചിരിക്കുന്ന ഈ ജീവിതം വെറുതെ അങ്ങ് ജീവിച്ചു തീർക്കാതെ കഠിനാധ്വാനത്തിലൂടെയും നിരന്തര പരിശ്രമത്തിലൂടെയും ലക്ഷ്യങ്ങൾ നേടിയെടുത്ത് ആത്മസംതൃപ്തിയുടെ മൂളിപ്പാട്ട് പാടി നമ്മുടെ ജീവിതംകൊണ്ട് ആരുടെയെങ്കിലുമൊക്കെ ജീവിതത്തിന് ആശ്വാസം പകർന്ന് അർത്ഥവത്തായി ജീവിക്കാനും വിജയിക്കാനുമാകട്ടെ.... ■



അവിടുന്ന് എന്നോട് അരുളിച്ചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്.
2 കൊറി 12 : 9

**കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം...**

# കർദിനാൾമാർ
## സഭയുടെ രാജകുമാരന്മാർ



അനി ജോസഫ്, കൂട്ടുകാട്

ലത്തീനിലെ 'കാർദോ' എന്ന പദത്തിൽ നിന്നാണ് 'കർദിനാൾ' എന്ന വാക്കുണ്ടായത്. കാർദോ എന്ന പദത്തിനർത്ഥം വിജാഗിരി, കേന്ദ്രബിന്ദു എന്നെല്ലാമാണ്. ഒരു വിജാഗിരി വാതിലിനെയും ജനലുകളെയും താങ്ങിനിർത്തുകയും, തുറക്കുകയും അടക്കുകയും ചെയ്യുന്നതുപോലെ സഭാ ഭരണ സംവിധാനങ്ങളെ താങ്ങി നിർത്തുകയും ഇടപെടുകയും ചെയ്യുക എന്നതാണ് ഒരു കർദിനാളിന്റെ ദൗത്യം.'സഭയിലെ രാജകുമാരന്മാർ എന്നും ഇവർ അറിയപ്പെടുന്നു.


ഏഴാം നൂറ്റാണ്ടിൽ റോമാ നഗരത്തിന് ചുറ്റുമുള്ള 7 പ്രധാനപ്പെട്ട രൂപതകളുടെ മെത്രാന്മാരെ ആദ്യമായി കർദ്ദിനാൾ എന്ന് വിളിക്കാൻ തുടങ്ങി. കൂടാതെ റോമാ രൂപതയിലെ പ്രധാന ദേവാലയങ്ങളിലെ ഏറ്റവും മുതിർന്ന വൈദികരെയും കർദിനാൾ എന്ന് വിളിച്ചു തുടങ്ങി. AD 769 ലെ ലാറ്ററൻ സൂനഹദോസിൽ വച്ച് കർദിനാൾ പദവിയുള്ളവർ മാത്രമേ റോമ രൂപതയുടെ മെത്രാൻ ആകാൻ പാടുള്ളൂ എന്ന് തീരുമാനിച്ചു. മൂന്നാം ലാറ്ററൻ സൂനഹദോസിൽ വച്ച് കർദിനാൾ പദവി ഉള്ളവർക്ക് മാത്രമേ പാപ്പയെ തിരഞ്ഞെടുക്കാൻ അധികാരമുള്ളൂ എന്നും തീരുമാനിക്കപ്പെട്ടു. ഊർബൻ എട്ടാമൻ പാപ്പയാണ് കർദിനാൾമാർക്ക് എമിനെൻസ് എന്ന സ്ഥാനം നൽകിയത്. സിക്സ്റ്റസ് അഞ്ചാമൻ പാപ്പയുടെ കാലത്ത് കർദിനാൾമാരുടെ എണ്ണം 70 ആയി നിശ്ചയിച്ചു. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ പാപ്പ പോൾ ആറാമന്റെ കാലത്ത് 80 വയസ്സിന്മേൽ പ്രായമുള്ള കർദിനാൾമാർക്ക് കോൺക്ലേവിൽ വോട്ടവകാശം ഇല്ല എന്ന് തീരുമാനം എടുക്കുകയും കർദിനാൾമാരുടെ എണ്ണം 120 ആയി പുനഃക്രമീകരിക്കുകയും ചെയ്തു. കർദിനാൾമാർക്ക് ചുവന്ന തൊപ്പി ധരിക്കാനുള്ള അവകാശം നൽകിയത് ഇന്നസെന്റ് നാലാമൻ പാപ്പയാണ്.

കാനൻ നിയമമനുസരിച്ച് കർദിനാൾമാരുടെ പ്രധാന ദൗത്യങ്ങൾ യഥാസമയങ്ങളിൽ പുതിയ പോപ്പിനെ തെരഞ്ഞെടുക്കുക, സഭയെ നയിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന പോപ്പിന് ആവശ്യമായ ഉപദേശ സഹായങ്ങൾ നൽകുക. കർദിനാൾ കോളേജിന്റെ അധ്യക്ഷൻ അതിന്റെ ഡീൻ ആണ്. ലാറ്റിനിൽ ഡീനിനെ "പ്രൈമസ് ഇന്റർ പാരെസ്" (തുല്യരിൽ ഒന്നാമൻ) എന്ന് വിളിക്കുന്നു.

കർദിനാൾമാർ മൂന്നു വിഭാഗം ഉണ്ട് ഇതിൽ ഒന്നാമത്തെ കർദിനാൾ മെത്രാന്മാർ (Cardinal Bishops) ആണ്. ഇവർ ഏഴു പേർ ആയിരിക്കും റോം അതിരൂപതയോട് ചേർന്നുള്ള 7 രൂപതകളുടെ മെത്രാന്മാരാണ് ഇവർ. ഇവരിൽ നിന്നാണ് കർദിനാൾ ഡീൻ, വൈസ് ഡീൻ എന്നിവർ തിരഞ്ഞെടുക്കപ്പെടുന്നത്. രണ്ടാമത്തെ വിഭാഗം കർദിനാൾ

വൈദികർ (Cardinal Priests). സഭയുടെ മുൻ പാരമ്പര്യങ്ങളിൽ റക്ടർമാർ ആണ് ഈ പദവിയിൽ വന്നിരുന്നത്. എന്നാൽ ഇപ്പോൾ ലോകമെങ്ങുമുള്ള ആർച്ച് ബിഷപ്പുമാരെയും, ബിഷപ്പുമാരെയും ഈ സ്ഥാനത്തേക്കാണ് തിരഞ്ഞെടുക്കുക. ഇവർ റോമിനു വെളിയിലുള്ളവരായിരിക്കും. ഇവർക്ക് കൂരിയായിൽ സ്ഥാനമില്ലെങ്കിലും റോമിൽ സ്ഥാനിക ദേവാലയം നൽകുന്നു. മൂന്നാമത് കർദിനാൾ ഡീക്കന്മാർ (Cardinal Deacons) ഇവർ റോമിലെ റീജിയണൽ ഡിവിഷന്റെ ചുമതലയുള്ളവരാണ് ഇവരെയും മെത്രാൻമാരിൽ നിന്നാണ് തിരഞ്ഞെടുക്കുക.

പത്തൊമ്പതാം നൂറ്റാണ്ടു വരെ അല്മായരെയും കർദിനാൾമാർ ആയി നിയമിച്ചിരുന്നു. എന്നാൽ കാനൻ നിയമം പ്രാബലത്തിൽ വന്നതോടെ കർദിനാൾമാരായി തെരഞ്ഞെടുക്കപ്പെടുന്നവർ വൈദിക പട്ടം സ്വീകരിച്ചവരായിരിക്കണമെന്ന് സഭ നിഷ്കർഷിച്ചു. നിലവിൽ കർദിനാൾ സംഘത്തിൽ 252 അംഗങ്ങളാണുള്ളത്. ഇവരിൽ 114 പേർ 80 വയസ്സു കഴിഞ്ഞതിനാൽ അവർക്ക് കോൺക്ലേവിൽ വോട്ടവകാശം ഇല്ല. നിലവിൽ കർദിനാൾ സംഘത്തിൽ ഇന്ത്യക്കാരായ ആറു പേർ ഉണ്ട്. ഇവരിൽ അഞ്ചുപേരും വോട്ടവകാശം ഉള്ളവരാണ്. ■



# നിന്നിൽ ഒരിടം തേടി



**മിനി ടോമി**
സെന്റ് ജോർജ് ചർച്ച്,
മടപ്ലാതുരുത്ത്

**പ്രി**യനായി.....
ഹൃദയം നിറഞ്ഞു തുളുമ്പുമൊരു മോഹം
എൻപ്രിയനോടുരിയാടട്ടെ.....

ഭൂമിയിൽ അതിസുന്ദരനാം
നിൻ അധരത്തിലെപ്പൊഴും പ്രസാദം
തുളുമ്പുന്നു

നിത്യസ്നേഹം നിന്നിൽ അനുഗ്രഹ
മഴയായി പെയ്യുന്നു
എനിക്കു നീ എന്നും വീരനാം പുരുഷൻ
മഹത്വപൂർണ്ണനാം തേജസ് കൂടെയുള്ളവനാ....
സത്യവും നീതിസംരക്ഷണത്തിനായി
നിരന്തരം ഐശ്വരത്തോടെ മുന്നേറുന്നവൻ
അനീതിക്കെതിരായി വലം കൈ ഉയർത്തുന്ന നീ....
എൻ ഹൃദയ സിംഹാസനത്തിൽ
നിത്യരാജാവായ് വാഴുക ......

നീതിയെ പ്രണയിക്കുന്ന നിനക്കുള്ളതാം ചെങ്കോൽ
സ്നേഹമായ് നിന്നിൽ ആനന്ദതൈലഭിഷേകം നിറച്ചു
നിന്നിലേ നന്മയാരിലും സുഗന്ധ സുരഭിലമായ്
ദന്ത നിർമ്മിതമാം ഗോപുരത്തിങ്കൽ നിന്നുയരും
തന്ത്രീ നാദം നിനക്ക് ആനന്ദമാകട്ടെ...

നിനക്കായ് സർവ്വാഭരണ ഭൂഷിതയായി
രാജ്ഞി അണിഞ്ഞൊരുങ്ങി നിൽപ്പൂ..
നിനക്കായ് എനിക്കുള്ളതെല്ലാം മറന്നതിനാൽ
നിൻ പ്രണയം എനിക്കായി നൽകിയ നാഥനേ....

ഞാൻ നിന്നിലായ് എന്നെ സമർപ്പണം ചെയ്തു...
ആരിലും വലിയവനാം നിനക്കായ്
പ്രണയാർച്ചനയർപ്പിക്കാം....



*മനുഷ്യൻ തന്റെ മാർഗം ആലോചിച്ചുവയ്ക്കുന്നു; അവന്റെ കാലടികളെ നിയന്ത്രിക്കുന്നത് കർത്താവാണ്.*
സുഭാ 16:9

# അപ്പൻ



**അനഘ ജെ.സി**

**മാ**ർച്ച് 19, വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആഘോഷിക്കുമ്പോൾ ഈ ലോകത്തിന്റെ വേർപാടായ മരണത്തെ തിരുനാളായി മാറ്റിയ തിരുക്കുടുംബത്തിലെ അപ്പന്റെ ജീവിതത്തിലൂടെ കടന്നുപോകാം. യേശുവിനെയും പരിശുദ്ധ കന്യകാമറിയത്തെയും പിതാവായ ദൈവത്തിന്റെ ഹിതം നിറവേറ്റാൻ അനുയോജ്യമായ ജീവിത സാഹചര്യമൊരുക്കി കവചം തീർത്ത വി. യൗസേപ്പിതാവ് എന്ന ഈ അപ്പൻ ലോകത്തിലെ ഓരോ അപ്പനും ഉത്തമ മാതൃകയാണ്. ഒഴിഞ്ഞുമാറാമായിരുന്നിട്ടും ഉപേക്ഷിച്ചുകളയാമായിരുന്നിട്ടും മരണം വരെ ചേർത്ത് നിറുത്തി നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രതിരൂപമായി മാറിയ തിരുക്കുടുംബത്തിലെ അപ്പനെ ഈ തപസ്സ് കാലഘട്ടത്തിൽ നാം ധ്യാനിക്കുന്നത് നന്നായിരിക്കും. ഉറക്കത്തിൽപോലും ദൈവിക പ്രചോദനത്തെ ഉൾക്കൊള്ളാൻ മാത്രം ഹൃദയംകൊണ്ട് ദൈവതിരുമുൻപിൽ തപസ്സനുഷ്ഠിച്ച വ്യക്തിയാണ് വി. യൗസേപ്പിതാവ്. തന്റേതായ സ്വപ്നങ്ങളും ആഗ്രഹങ്ങളും സ്വർഗത്തിനായി വലിച്ചെറിഞ്ഞ വി. യൗസേപ്പിതാവിന്റെ സഹനങ്ങളിൽ സ്വർഗത്തിന്റെ സ്വപ്നങ്ങളുണ്ടായിരുന്നു. ആഗ്രഹങ്ങളുണ്ടായിരുന്നു.

ഓരോ കുടുംബത്തിനും ഒരു അപ്പനുണ്ട്. ജീവിതത്തിന്റെ നേട്ടമെന്നോ സന്തോഷമെന്നോ വിശേഷിപ്പിച്ചുകൊണ്ട് അതുവരെയുള്ള ജീവിത സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തമായ ചുവടുവയ്പ്പാണ് 'അപ്പനെന്ന' സ്ഥാനാരോഹരണം. കുടുംബത്തിന്റെ ശക്തിയേറിയ പടച്ചട്ടയാണ് അപ്പൻ, ദുർഘട സാഹചര്യങ്ങളാകുന്ന കൂരമ്പുകളെ താനെന്ന പരിചകൊണ്ട് നേരിട്ട് തന്റെ കുടുംബത്തെ സംരക്ഷിക്കുമ്പോൾ അപ്പനെന്ന പടച്ചട്ടയിലേൽക്കുന്ന കുത്തലുകളും പോറലുകളും ആരും കണക്കിലെടുക്കാറില്ല. നമ്മുടെ ആഗ്രഹങ്ങൾക്കും കാര്യസാധ്യത്തിനും വല്ല കുറവുവരുന്നോ എന്നു മാത്രമേ നാം നോക്കാറുള്ളു. തന്റെ മക്കൾക്ക് ഭൗതീക അപ്പമേകാൻ വിയർപ്പൊഴുക്കുന്ന ഓരോ അപ്പനും സ്വർഗീയ അപ്പം സ്വീകരിക്കാൻ അവരെ യോഗ്യരാക്കാൻ വിളിക്കപ്പെട്ടവനാണെന്നു കൂടിയുള്ള വലിയ ഓർമ്മപ്പെടുത്തലാണ് യൗസേപ്പിതാവിന്റെ ജീവിതം നമുക്കു നൽകുന്നത്.

ഇതിനോടൊപ്പം കുറിക്കുവാൻ മനസ്സ് പ്രേരിപ്പിച്ച ഒരു കാര്യം കൂടിയുണ്ട്. ഓരോ ഇടവക കുടുംബത്തിനും വികാരിയെന്ന അപ്പനുണ്ട്. ക്രിസ്തുവെന്ന സ്വർഗീയ അപ്പം സ്വീക

രിക്കാൻ ഇടവക ജനത്തെ അൾത്താരയോട് ചേർത്തു നിർത്തുന്ന അപ്പൻ. വി. പൗലോസ് അപ്പസ്തോലൻ എഫേസോസുകാർക്കെഴുതിയ ലേഖനം ആറാം അദ്ധ്യായത്തിൽ പറയുംപ്രകാരം പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപന്മാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരെ പടവെട്ടുവാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിപ്പിച്ച് ഇടവക ജനത്തെ നിത്യജീവനു വേണ്ടി ഒരുക്കുവാൻ വിളിക്കപ്പെട്ടവർ. നമ്മുടെ കുടുംബങ്ങളിൽ മക്കൾ അരുതാത്തവയ്ക്കുവേണ്ടി വാശിപിടിക്കുമ്പോൾ അവരുടെ നന്മയെപ്രതി അപ്പൻ അവരെ ശാസിക്കുകയും തിരുത്തുകയും ചെയ്യറുണ്ട്. വികാരിയച്ചന്മാർ നമ്മെ ശാസിക്കുകയും തിരുത്തുകയും ചെയ്യുമ്പോൾ ഒരുപക്ഷേ അവരെ ശത്രുവായിക്കണ്ട് ഇടവക ദൈവാലയത്തിൽ നിന്നും അകലുകയും അവർക്കെതിരെ പരിഭവപരാതികളുന്നയിച്ച് അവരെ തെറ്റുകാരാക്കി മുദ്രകുത്തുകയും ചെയ്യുന്ന പ്രവണതകൾ നാം കണ്ടിട്ടുണ്ട്. ഓർക്കുക! തങ്ങളുടെ കുടുംബത്തെ സംരക്ഷിക്കാൻ ഒരപ്പൻ കവചമാകുന്നതെങ്ങനെയോ അതിലേറെ പരിത്യാഗത്തോടെയാണ് ഓരോ വികാരിയച്ചനും ഇടവക കുടുംബത്തിനു കവചമാകുന്നത്.

ഒരു മാർച്ച് 19 കൂടി ആഗതമാകുമ്പോൾ വി. യൗസേപ്പിതാവിനെപ്പോലെ ദൈവഹിതത്തോടൊപ്പം യാത്രചെയ്യാനും തങ്ങൾക്കുള്ളവരെ ദൈവഹിതം നിറവേറ്റാൻ പ്രാപ്തരാക്കാനും ഓരോ അപ്പനും സാധിക്കട്ടെ. തിരുക്കുടുംബത്തിൽ അപ്പന്റെ സ്വപ്നങ്ങളിലൂടെയാണ് ദൈവം തന്റെ തീരുമാനങ്ങൾ വെളിപ്പെടുത്തിയത്. ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ സ്വീകരിക്കാൻ വെളിവുള്ളവരാകാൻ എല്ലാ അപ്പന്മാരെയും ദൈവം അനുഗ്രഹിക്കട്ടെ. ■

## റവ. ഫാ. ക്ലോഡിൻ ബിവേര
## കേരള ലത്തീൻ മെത്രാൻ സമിതി (കെ.ആർ.എൽ.സി.ബി.സി) ഹെൽത്ത് കമ്മീഷൻ സംസ്ഥാന സെക്രട്ടറി

കേരള ലത്തീൻ മെത്രാൻ സമിതി, കെ.ആർ.എൽ.സി.ബി സി.യുടെ (കേരള റീജ്യൺ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ) ഹെൽത്ത് കമ്മീഷൻ സംസ്ഥാന സെക്രട്ടറിയായി കോട്ടപ്പുറം രൂപത അംഗവും പറവൂർ ഡോൺ ബോസ്കോ ഹോസ്പിറ്റൽ ഡയറക്ടറുമായ റവ. ഫാ. ക്ലോഡിൻ ബിവേര നിയമിതനായി. എറണാകുളം പി.ഒ. സി. യിൽ സമ്മേളിച്ച കെ. ആർ. എൽ. സി. സി. എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങിൽ വച്ച് ഫാ. ക്ലോഡിൻ ബിവേര ചുമതലയേറ്റു. 2018 മുതൽ ഹെൽത്ത് കമ്മീഷൻ സെക്രട്ടറിയായി സേവനം ചെയ്തിരുന്ന വരാപ്പുഴ അതിരൂപത അംഗം ഫാ. ഷൈജു തോപ്പിൽ വിരമിച്ച ഒഴിവിലാണ് ഫാ. ക്ലോഡിൻ ബിവേര നിയമിതനായത്. കെആർഎൽസിബിസി പ്രസിഡന്റ് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ യോഗത്തിൽ അധ്യക്ഷനായിരുന്നു.





*കർത്താവിന്റെ കൈയിൽ നീ മനോഹരമായ ഒരു കിരീടമായിരിക്കും; നിന്റെ ദൈവത്തിന്റെ കരങ്ങളിൽ ഒരു രാജകീയ മകുടവും.*

ഏശ 62:3

മത്തായി 6:1-6, 16-18

# ജൂബിലി വർഷത്തെ നോമ്പുകാലം



ഡോ. മാർട്ടിൻ N ആന്റണി O. de Mv

**കാ**ഹളം എന്നർത്ഥം വരുന്ന യോബേൽ എന്ന ഹീബ്രൂ പദത്തിൽ നിന്നാണ് ജൂബിലി എന്ന പദത്തിന്റെ ഉത്ഭവം. അതെ, കാഹളവർഷമാണ് ജൂബിലി വർഷം. ബൈബിളിൽ ജൂബിലി സാമൂഹികവും സാമ്പത്തികവുമായ ഒരു വിഷയമാണ്. കാരണം, ജൂബിലി എന്നത് ദൈവവും ജനവും തമ്മിലുള്ള ബന്ധത്തിന്റെ ആത്മീയവും ധാർമികവുമായ ഒരു ആഘോഷമാണ്. ധാർമികമായതുകൊണ്ടാണ് ജൂബിലിയെ സാമൂഹികവും സാമ്പത്തികവുമായ ഒരു വിഷയവുമായി കരുതുന്നത്. കടങ്ങളുടെ പൊറുതിയും മണ്ണിന്റെ വിശ്രമവും നീതിയുടെ പൂവിടലുമെല്ലാം ജൂബിലി വർഷത്തിന്റെ ധാർമിക തലങ്ങളാണ്. ഓരോരുത്തനും അവനവന്റെ അവകാശത്തിലേക്ക് തിരികെ പോകുന്ന വർഷമാണത് (ലേവ്യ 25:13). അതുകൊണ്ടാണ് തിരികെ പോകുക എന്നർത്ഥം വരുന്ന മാനസാന്തരം എന്ന സങ്കല്പം ജൂബിലി വർഷത്തിൽ കടന്നുവരുന്നത്. അത് യാത്രയാണ്, തീർത്ഥാടനമാണ്. നമ്മിലേക്കും സഹജരിലേക്കും ദൈവത്തിലേക്കുള്ള തീർത്ഥാടനം. അസന്നിഗ്ധതയിലേക്കല്ല ഈ യാത്ര, സ്നിഗ്ന്ധമായ സ്വർഗ്ഗീയ ലാവണ്യത്തിലേക്കാണ്. അതുകൊണ്ടാണ് ഈ യാത്രയെ പ്രത്യാശയുടെ തീർത്ഥാടനം എന്നു വിളിക്കുന്നത്. കാരണം, പ്രത്യാശ നമ്മെ നിരാശരാകില്ല.

പ്രത്യാശയുടെ കാഹളം മുഴങ്ങുന്ന 2025 എന്ന ജൂബിലി വർഷത്തിലെ നോമ്പുകാലത്തിലേക്കാണ് നമ്മൾ പ്രവേശിക്കുന്നത്. നോമ്പുകാലം ലളിത ദിനങ്ങളല്ല, പശ്ചാത്താപത്തിന്റെ ആയുധങ്ങളുമായി തിന്മയുടെ അതിപ്രസരണത്തെ അതിജീവിക്കാനുള്ള കാലഘട്ടമാണത്. ഏതൊക്കെയാണ് നോമ്പുകാലത്തെ നമ്മുടെ ആത്മീയ ആയുധങ്ങൾ? സുവിശേഷം പറയുന്നു, അവ ഉപവാസം, ദാനധർമ്മം, പ്രാർത്ഥനയാണെന്ന്. മത്തായിയുടെ സുവിശേഷം 6:1-18ൽ അവയെ നമുക്ക് കാണാൻ സാധിക്കും. പരസ്യമായല്ല, രഹസ്യമായി അവയെ അനുഷ്ഠിക്കാനാണ് യേശു പറയുന്നത്. യഹൂദർ കാഹളം മുഴക്കി ചെയ്തിരുന്ന പ്രവൃത്തികളെ രഹസ്യമാക്കി മാറ്റുകയാണവൻ. അതെ, ജൂബിലി വർഷം ഒരു കാഹള വർഷമാണ്. പക്ഷെ, നോമ്പുകാലത്തെ പ്രാർത്ഥനകൾക്കും ഉപവാസത്തിനും ദാനധർമ്മത്തിനും ആ കാഹളത്തിന്റെ അകമ്പടി ഉണ്ടാകരുത്. കാരണം അവയിൽ കാഹളം കടന്നുവന്നാൽ, അവ പ്രഹസനമായി മാറാൻ സാധ്യതയുണ്ട്. യഹൂദ പാരമ്പര്യം അവയെ ഒരു പ്രഹസനമാക്കിയത് കൊണ്ടാണ് യേശു അവയ്ക്ക് ഒരു രഹസ്യമാനം പകർന്നു നൽകുന്നത്.

ഉപവാസം, ദാനധർമ്മം, പ്രാർത്ഥന എന്നിവ നോമ്പുകാലത്തിന്റെ അടയാളങ്ങളാണ്. അവയെ നമ്മുടെ മാനസാന്തരത്തിന്റെ പ്രകരണങ്ങളും പ്രകടനങ്ങളുമാണെന്നാണ് ഫ്രാൻസിസ് പാപ്പ വിശേഷിപ്പിക്കുന്നത്. രഹസ്യന്മകതയിൽ കിളിർക്കുകയും വളരുകയും പുഷ്പിക്കുകയും ചെയ്യുന്ന നമ്മുടെ പ്രാർത്ഥനയുടെയും ദാനധർമ്മത്തിന്റെയും ഉപവാസത്തിന്റെയും ഫലങ്ങൾ ഒരിക്കലും രഹസ്യമായിരിക്കില്ല എന്ന കാര്യം ഓർക്കണം. അവ അനുഷ്ഠിക്കുന്നവന്റെ മാത്രം മരുന്നല്ല, എല്ലാവർക്കുള്ള ഔഷധമാണ്. കാരണം, അവയ്ക്ക് ചരിത്രത്തെയും സമൂഹത്തെയും മാറ്റാൻ സാധിക്കും.

ഉപവാസത്തിന് ഭക്ഷണത്തിൽ നിന്നും വിട്ടുനിൽക്കുകയെന്നു മാത്രമല്ല അർത്ഥമുള്ളത്. ശാന്തതയ്ക്ക് തടസ്സമാകുന്ന എന്തിനെയും പാപത്തിനു കാരണമാകുന്ന ഏതിനെയും മാറ്റി നിർത്താനുള്ള മനസ്സു കൂടിയാണത്. ഉപവാസത്തെ ഭക്ഷണക്രമവുമായി ചേർത്തു വായിക്കുന്നത് ശാരീരിക ക്ഷേമത്തിനായുള്ള ഭ്രാന്തമായ അഭിലാഷം ഉള്ളതുകൊണ്ടാണ്. അങ്ങനെയല്ല. ഉപവാസം ആത്മരതിയിൽ നിന്നുള്ള മോചനമാണ്. നമുക്ക് ചുറ്റുമുള്ളതിന് ശരിയായ മൂല്യം നൽകുന്ന പുണ്യമാണത്. നശ്വരവും മായികവുമായ ലൗകികതയ്ക്ക് വിധേയമാകരുതെന്നാണ് ഉപവാസം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഉപവാസം ദാനധർമ്മവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉപവാസം പൂർണ്ണമാകുന്നത് ദാനധർമ്മത്തിലാണെന്ന് വിശുദ്ധ ലിയോ ദി ഗ്രേറ്റ് നോമ്പിനെക്കുറിച്ചുള്ള ഒരു പ്രസംഗത്തിൽ പറയുന്നുണ്ട്. ദാനധർമ്മമാണ് നോമ്പിനെ വിശുദ്ധമാക്കുന്നത്. ദരിദ്രരെ അവഗണിച്ചുള്ള ഒരു ആത്മീയ പ്രവൃത്തിയും നമുക്ക് മോക്ഷം നൽകില്ല. അതുകൊണ്ടുതന്നെ സാഹോദര്യത്തിന്റെയും ജീവകാരുണ്യത്തിന്റെയും നോമ്പുതുറകൾ നമ്മുടെ രൂപതകളിലും ഇടവകകളിലും പ്രോത്സാഹിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതം നന്മ വിതയ്ക്കാനുള്ള സമയമാണെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് നോമ്പുകാലം. നമ്മുടെ അടുത്തുള്ളവരെ പരിചരിക്കാനും ജീവിതപാതയിൽ മുറിവേറ്റവരുമായി അടുത്തിടപഴകാനും ഈ നോമ്പുകാലം പ്രത്യേകം പ്രയോജനപ്പെടുത്തണം. നൊമ്പരവഴികളിൽ സഞ്ചരിക്കുന്നവരെ തേടുവാനും, കണ്ടെത്തുവാനും ശ്രവിക്കുവാനും ശ്രമിക്കുമ്പോഴാണ് നമ്മുടെയൊക്കെ ദാനധർമ്മം കുരിശിന്റെ വഴിയിലെ സൈറീൻകാരനായ ശിമയോനെ പോലെയാകു.

മഹത്തായ കാര്യങ്ങൾ ചെയ്യുന്നതാണ് ദാനധർമ്മം എന്നു വിചാരിക്കുന്നത്. ഒരു പാത്രം വെള്ളവും ദാനധർമ്മമാണ്. ഒരു പാത്രം വെള്ളത്തിൽ സുവിശേഷം മുഴുവനുമുണ്ട്. എളിയവരിൽ ആർക്കെങ്കിലും ഒരു പാത്രം വെള്ളം നൽകിയാൽ അത് തനിക്ക് നൽകുന്നതിന് തുല്യമാണെന്ന് പഠിപ്പിച്ചവനാണ് യേശു. ആ ഒരു പാത്രം വെള്ളത്തിന്റെ യുക്തിയാണ് അന്ത്യവിധിയിലെ ആദ്യ ചോദ്യവും ആശ്വാസവും: എനിക്ക് ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു (മത്താ 25:35). സഹജനെ ശത്രുവായി കാണാതെ അവനിൽ നിന്നും ഒരു പാത്രം വെള്ളം വാങ്ങി കുടിക്കാൻ പറ്റുന്ന എളിമയാണ് യഥാർത്ഥ ക്രൈസ്തവികതയെന്നും മർക്കോസിന്റെ സുവിശേഷം 9:41 ൽ യേശു പറയുന്നുണ്ട്. വെള്ളം നൽകുന്നത് മാത്രമല്ല, വാങ്ങി കുടിക്കുന്നതും വിശുദ്ധിയാണ്. അതായത്, ദാനം നൽകുന്നതു മാത്രമല്ല, ദാനം സ്വീകരിക്കുന്നതും വിശുദ്ധിയാണ്.

നോമ്പുകാലത്തിന്റെ പര്യായം തപസ്സുകാലം എന്നാണ്. തപസ്സ് ധ്യാനമാണ്, പ്രാർത്ഥനയാണ്. അതെ, നോമ്പുകാലം പ്രാർത്ഥനയുടെ കാലമാണ്. ഉപവാസവും ദാനധർമ്മവും പ്രാർത്ഥനയുടെ രണ്ട് ചിറകുകൾ ആണെന്നാണ് വിശുദ്ധ അഗസ്റ്റിൻ പറയുന്നത്. നമ്മുടെ പ്രാർത്ഥന സ്വർഗത്തിലേക്ക് എളുപ്പ



*ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ, പുതിയതു വന്നുകഴിഞ്ഞു.*

2 കൊറി 5:17

ത്തിൽ എത്തണമെങ്കിൽ ഉപവാസവും ദാന ധർമ്മവും എന്ന ചിറകുകൾ അതിനുവേണം. വിനയത്തിലേക്കുള്ള പാതയാണ് പ്രാർത്ഥന. ആ പാത തുടങ്ങേണ്ടത് നമ്മുടെ ഭവനത്തിൽ നിന്നായിരിക്കണം. പ്രാർത്ഥന ആരെയും അഹങ്കാരിയാക്കില്ല, മറിച്ച് കൂടെയുള്ളവരുടെ നൊമ്പരങ്ങളെ തിരിച്ചറിയാനുള്ള ആത്മനേത്രങ്ങൾ അത് നമുക്ക് നൽകും. ഹൃദയത്തിന് കുളിർമ നൽകുന്ന സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഊഷ്മളമായ സംഭാഷണമാണത്. പ്രാർത്ഥന തപസ്സാണ്. തപസ്സു ചികിത്സയാണ്. കാരണം പ്രാർത്ഥിക്കുന്നവർ വചനത്താൽ ചികിത്സിക്കപ്പെടുകയാണ്. അങ്ങനെയുള്ളവർക്ക് മാത്രമേ സ്വന്തം മുറിവുകളെ വജ്രമാക്കി മാറ്റുവാനും ലോകത്തിന്റെ മുറിവുകളിൽ ലേപനമായി തീരുവാനും സാധിക്കു. ഈ ജൂബിലി വർഷത്തെ നോമ്പുകാലത്തിൽ കുരിശിനെ ആലിംഗനം ചെയ്തു പ്രത്യാശയുടെ പ്രഘോഷകരാകാൻ നമുക്ക് ശ്രമിക്കാം. നമ്മുടെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മങ്ങളും എല്ലാം പ്രഹസനങ്ങളായി മാറാതെ രഹസ്യത്തിൽ നമ്മെ കാണുന്ന പിതാവിന് പ്രീതികരമായ തീരട്ടെ.

**പ്രവർത്തനത്തിന് :**

1. *ഈ നോമ്പുകാലത്തിൽ ഉപവാസവും പ്രാർത്ഥനയും ധാനധർമ്മവും വഴി ജൂബിലി വർഷ ആത്മീയ തലങ്ങളെ പരിപോഷിപ്പിക്കുവാൻ ശ്രമിക്കും.*

**ചർച്ചയ്ക്ക് :**

1. *ജൂബിലി വർഷവും നോമ്പുകാലവും കൂടുതൽ ആത്മീയ വളർത്തുവാൻ ഞാൻ എന്തെല്ലാം ചെയ്യുന്നതാണ്?*
2. *ജൂബിലി വർഷത്തിൽ നോമ്പ് കാലത്തെ നമ്മുടെ ആത്മീയ ആയുധങ്ങൾ ഏതെല്ലാം?*

## മതബോധന വാർത്തകൾ

KRLCBC മതബോധന കമ്മീഷൻ അംഗങ്ങൾ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവിനോടൊപ്പം കോട്ടപ്പുറം രൂപത മതബോധന കേന്ദ്രത്തിൽ 2025 ഫെബ്രുവരി 17 ന് ഒരുമിച്ചുകൂടി.



# രൂപത വാർത്തകൾ

## ഫാ. പ്രവീൺ ഫ്രാൻസിസ് കുരിശിങ്കലിന് ഡോക്ടറേറ്റ്



കോട്ടപ്പുറം : കോട്ടപ്പുറം രൂപതാംഗമായ ഫാ. പ്രവീൺ ഫ്രാൻസിസ് കുരിശിങ്കൽ റോമിലെ സെന്റ് ആൻസലം പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് കൗദാശിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. കേരളത്തിലെ ലത്തീൻ - സീറോ മലബാർ - സീറോ മലങ്കര സഭകളുടെ കൗദാശികമായ ഐക്യം ലുമെൻ ജെൻസിയും പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിമർശനാത്മക വിശകലനം എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ്.

കോട്ടപ്പുറം രൂപതയിലെ മാനാഞ്ചേരിക്കുന്ന് സെന്റ് പോൾസ് ഇടവകയിലെ കുരിശിങ്കൽ ഫ്രാൻസിസിന്റെയും അമ്മിണിയുടെയും മകനാണ്.

## ഫെറോന തല നേതൃത്വ പരിശീലനം

നമ്മുടെ ഇടവകയിലെ കുടുംബ യൂണിറ്റുകളുടെയും ശുശ്രൂഷ സമിതികളുടെയും പ്രവർത്തനങ്ങൾ സജീവമാക്കുവാൻ 19/01/2025-ൽ രൂപത തലത്തിൽ കുടുംബ യൂണിറ്റ് കേന്ദ്രസമിതി പ്രസിഡന്റുമാരുടെയും എല്ലാ ശുശ്രൂഷ സമിതി കൺവീനർമാരുടെയും ഒരു യോഗം നടത്തിയിരുന്നു. അതിന്റെ അടുത്ത ഘട്ടമായി ഫെറോന വികാരിമാരുടെ നേതൃത്വത്തിൽ ശുശ്രൂഷ സമിതിയംഗങ്ങളുടെ ഫെറോന തല സംഗമവും ബോധവത്കരണ ക്ലാസ്സും നടത്തുകയാണ്. മാർച്ച് മാസത്തിൽ നടത്തുന്ന ഈ ട്രെയിനിംഗ് പ്രോഗ്രാമിൽ എല്ലാ ഇടവകകളിൽ നിന്നും കേന്ദ്രസമിതി പ്രസിഡന്റ്, സെക്രട്ടറി, ഓരോ ശുശ്രൂഷ സമിതികളുമായി ബന്ധപ്പെട്ട അഞ്ചു പ്രധാനപ്പെട്ട അംഗങ്ങളെ വീതം അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (ഉദാ:- വിദ്യാഭ്യാസ സമിതി-5, സാമൂഹ്യ സമിതി-5, അൽമായ സമിതി-5, യുവജന സമിതി-5, അജപാലന സമിതി-5, കുടുംബപ്രേഷിത സമിതി-3 ദമ്പതികൾ). അങ്ങനെ ഒരു ഇടവകയിൽ നിന്നും 33 പേർ വീതം നിർബന്ധമായും പങ്കെടുക്കണം. ഓരോ ഫെറോനയിലും നടത്തുന്ന തീയതികൾ താഴെ കൊടുക്കുന്നു.

| Forane | Place | Date | Time |
|---|---|---|---|
| Gothuruth | Cottolengo Church, N. Paravur | 2nd March | 2.00 pm |
| Thuruthipuram | Presentation College, Manacherikunnu | 9th March | 2.00 pm |
| Kottapuram | St. Michael's Cathedral, Kottapuram | 16th March | 2.00 pm |
| Thrissur | Holy Family Church, Chalakudy | 23rd March | 2.00 pm |
| Pallipuram | St. Don Bosco Church, N. Paravur | 30th March | 2.00 pm |



*മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്, പൊടിയിലേക്കുതന്നെ നീ മടങ്ങും.*

ഉൽപ 3:19

## ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റായി ജോസ് കുരിശിങ്കൽ നിയമിതനായി



കാത്തലിക് ബിഷപ്പ് കൗൺസിൽ ഓഫ് ഇന്ത്യയുടെ കീഴിൽ പ്രവർത്തിക്കുന്ന ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ (എ.ഐ.സി.യു) സംസ്ഥാന വൈസ് പ്രസിഡന്റായി നിയമിതനായ ജോസ് കുരിശിങ്കൽ (കോട്ടപ്പുറം രൂപത). മലങ്കര, സിറിയൻ, ലത്തീൻ റീത്തുകൾ ഒന്നിച്ച് പ്രവർത്തിക്കുന്ന ഏക സംഘടനയാണ് ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ. നിലവിൽ കോട്ടപ്പുറം രൂപത മീഡിയ കമ്മീഷൻ അംഗമാണ്. നേരത്തേ കെ.സി.വൈ.എം കോട്ടപ്പുറം രൂപത പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.



## ആന്റണി ഗ്രിഗോറി ഇലഞ്ഞിക്കലിന് 3–ാം റാങ്ക്

മാളപള്ളിപ്പുറം സെന്റ് ആന്റണീസ് ഇടവകയിലെ ശ്രീ. ആന്റണി ഗ്രിഗോറി ഇലഞ്ഞിക്കൽ MA പൊളിറ്റിക്കൽ സയൻസിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും 3–ാം റാങ്ക് നേടി വിജയിച്ചിരിക്കുന്നു.

## കുറുമ്പൻ കുഞ്ഞാട് കവർ പ്രകാശനം നടത്തി



ടൈറ്റസ് ഗോതുരുത്ത് രചിച്ച ബാലസാഹിത്യ കഥാസമാഹാരം കുറുമ്പൻ കുഞ്ഞാട് എന്ന പുസ്തകത്തിന്റെ കവർ പ്രകാശനം നടത്തി. കോട്ടപ്പുറം രൂപത ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻ വീട്ടിൽ ജില്ലാ പഞ്ചായത്ത് അംഗം എ.എസ്. അനിൽ കുമാറിന് നൽകി പ്രകാശനം ചെയ്തു.

രൂപത ചാൻസലർ ഫാ. ഷാബു കുന്നത്തൂർ, മരിയ തെരേസ സ്ക്രില്ലി സ്കൂൾ മാനേജർ സിസ്റ്റർ അന്റോണിയോ, ഫാ. ആന്റണി ബിനോയ് അറക്കൽ, ജോയി ഗോതുരുത്ത്, പി.ആർ. ലോറൻസ് മാസ്റ്റർ, ജോയി കൈമാതുരുത്തി, മാത്യം എം.എക്സ്., പി.ടി. മാർട്ടിൻ, ആർട്ടിസ്റ്റ് മാർട്ടിൻ ജോർജ് എന്നിവർ സംസാരിച്ചു. എറണാകുളം പ്രണത ബുക്സ് ആണ് പ്രസാധകർ. ബൈബിളും കുഞ്ഞുങ്ങളും എന്ന പരമ്പരയിലെ ആദ്യ പുസ്തകമാണ് കുറുമ്പൻ കുഞ്ഞാട്

## ഫാമിലി അപ്പസ്തോലേറ്റിന്റെ മാർച്ച് മാസത്തെ പരിപാടികൾ

**7,8 &9 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**9–ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)

## സാൻജോ മീറ്റ് :

കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) വി പി തുരുത്ത് (ഗോതുരുത്ത്) സേക്രട്ട് ഹാർട്ട് ദൈവാലയം, ചേന്ദമംഗലം നിത്യസഹായ മാതാ ദൈവാലയം, മുട്ടിക്കൽ സെന്റ് ജോസഫ് ദൈവാലയം എന്നിവിടങ്ങളിൽ നടത്തപ്പെട്ടു.



വി പി തുരുത്ത് (ഗോതുരുത്ത്) സേക്രട്ട് ഹാർട്ട് ദൈവാലയം



മുട്ടിക്കൽ സെന്റ് ജോസഫ് ദൈവാലയം



ചേന്ദമംഗലം നിത്യസഹായ മാതാ ദൈവാലയം



പ്രിയപ്പെട്ടവരേ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ
നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു.

1 യോഹ 4 : 11

## താക്കോൽ ദാനം




തുരുത്തിപ്പുറം ഫാ. താണിയത്ത് ചാരിറ്റബിൾ ട്രസ്റ്റ് നിർദ്ദനർക്കായി നിർമ്മിച്ചു നൽകിയ 40 വീടുകളുടെ താക്കോൽ ദാനം കോട്ടപ്പുറം രൂപത വികാസ് ഓഡിറ്റോറിയത്തിൽ വച്ച് കേന്ദ്ര പെട്രോളിയം, നാച്ചുറൽ ഗ്യാസ്, ടൂറിസം വകുപ്പ് മന്ത്രി ശ്രീ സുരേഷ്ഗോപി നിർവഹിച്ചു. ചടങ്ങിൽ കൊടുങ്ങല്ലൂർ എം.എൽ.എ. അഡ്വ. വി. ആർ. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ട്രസ്റ്റിന്റെ സ്ഥാപകൻ ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. കോട്ടപ്പുറം രൂപത വികാരി ജനറൽ വെരി. റവ. മോൺ. റോക്കി റോബി കളത്തിൽ ഇരുന്നൂറോളം കുട്ടികൾക്ക് സ്കൂൾ ബാഗ്, ഇൻസ്ട്രുമെന്റ് ബോക്സ്, കുട, വാട്ടർ ബോട്ടിൽ എന്നിവ വിതരണം ചെയ്തു. കൊടുങ്ങല്ലൂർ മുൻസിപ്പൽ കൗൺസിലർ ശ്രീമതി എൽസി പോൾ, കൊടുങ്ങല്ലൂർ റോട്ടറി ക്ലബ് പ്രസിഡന്റ് ശ്രീ. ടി. എൽ. സത്യൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ഇതുവരെ നിർദ്ദനർക്കായി 1900 വീടുകൾ പൂർത്തിയാക്കിയ ട്രസ്റ്റ് അടുത്ത 2 വർഷത്തിനിടയിൽ 2000 വീടുകൾ പൂർത്തിയാക്കും എന്ന് ഡയറക്ടർ അറിയിച്ചു.

## കാടറിയാം, പുഴയറിയാം പഠനയാത്ര നടത്തി.

പള്ളിപ്പുറം സെന്റ് മേരിസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കായി'കാടറിയാം, പുഴയറിയാം' എന്ന പേരിൽ വനത്തിലേക്ക് പഠനയാത്ര നടത്തി. കാടിനെക്കുറിച്ചും പുഴകളെ കുറിച്ചും കൂടുതലായി അടുത്തറിയുന്നതിനും അറിവുകൾ നേടുന്നതിനുമായാണ് യാത്ര സംഘടിപ്പിച്ചത്.



## സ്നേഹ സ്പർശം ; സായംപ്രഭാ സംഗമം – 2024



കോട്ടപ്പുറം രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി(കിഡ്സ്)യുടെ നേതൃത്വത്തിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായ സായംപ്രഭ അംഗങ്ങൾക്കായി സ്നേഹ സ്പർശം എന്ന പേരിൽ സായംപ്രഭ സംഗമം 2024 സെന്റ് മൈക്കിൾ കത്തീഡ്രൽ പാരിഷ് ഹാളിൽ വെച്ച് സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപത അദ്ധ്യക്ഷൻ റൈറ്റ് റവ.ഡോ. അംബ്രോസ് പുത്തൻവീട്ടിലിന്റെ കാർമികത്വത്തിൽ വി. കുർബാനയോടെ സായംപ്രഭ സംഗമം ആരംഭിച്ചു. തുടർന്ന് നടന്ന കാര്യപരിപാടിയിൽ കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അദ്ധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ, സിനി ആർട്ടിസ്റ്റ് ശ്രീമതി പൗളി വത്സൻ, മറിമായം എന്ന മലയാള ടെലിവിഷൻ പരമ്പരയിലൂടെ പ്രശസ്തി നേടിയ സിനി ആർട്ടിസ്റ്റും തിരക്കഥാകൃത്തുമായ ശ്രീ. സലിം ഹസൻ, കെ.സി.ബി.സി, ജെ.പി.ഡി കമ്മീഷന്റെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, കോട്ടപ്പുറം രൂപത വികാർ ജനറൽ വെരി റവ. മോൺ. റോക്കി റോബിൻ കളത്തിൽ എന്നിവർ സന്നിഹിരായിരുന്നു

## കാട്ടിലെ പള്ളിയിലേക്ക് ഒരു നോമ്പ് കാല തീർത്ഥയാത്ര



2025 ജൂബിലി വർഷം കോട്ടപ്പുറം രൂപത യുവജന സമിതിയുടെ നേതൃത്വത്തിൽ വിഭൂതി ബുധൻ കഴിഞ്ഞ് നോമ്പ് കാലത്തിലെ കുരിശിന്റെ വഴി തീർത്ഥാടനം മാസത്തിലെ ഒന്നും മൂന്നും ഞായറാഴ്ചകളിൽ കാട്ടിലെ പള്ളിയിലേക്ക് നടത്തുവാൻ ആഗ്രഹിക്കുന്നവർ ഇടവക യുവജന സമിതിയെ സമീപിക്കുക.

**കോട്ടപ്പുറം രൂപതയുടെ യുവജന സമിതിയുടെ നേതൃത്വത്തിൽ പെരിങ്കൽക്കുത്ത് ദൈവാലയം നവീകരിക്കാൻ ഒത്തുചേർന്നപ്പോൾ.**



*എന്താണു പറയേണ്ടതെന്ന് ആ സമയത്തു പരിശുദ്ധാത്മാവു നിങ്ങളെ പഠിപ്പിക്കും.*
ലൂക്കാ 12:12

## പിതാവിന്റെ ഡയറി - മാർച്ച് 2025

| | | | | |
|---|---|---|---|---|
| 1\|3\|2025 | SATURDAY | 11 am | Blessing | Nirmal Maria Convent OIC Sisters, Kuruvilassery |
| 5\|3\|2025 | WEDNESDAY | 6 am | Ash Wednesday | St. Michael's Cathedral, Kottapuram |
| 6\|3\|2025 | THURSDAY | 12 pm | Mass & Homily National Convention | Potta |
| 7\|3\|2025 | FRIDAY | 2.30 pm | Centinery | CSST School, Pallipuram |

## ലോഗോസ് ക്വിസിന്റെ ഫെബ്രുവരി മാസത്തെ ഉത്തരങ്ങൾ

1) അമ്മോന്യരോട് യുദ്ധം ചെയ്യാൻ വിളിക്കാത്തതുകൊണ്ട്.
2) അജ്ഞനെയോ വിഡ്ഢിയെയോ ചെറുപ്പക്കാരനുമായി ശണ്ഠകൂടുന്ന വൃദ്ധനെയോ.
3) ദൈവരാജ്യം.
4) പാപമോചനവും അവന്റെ രക്തം വഴി രക്ഷയും.
5) ഗിലയാദുകാരെ.
6) ജാഗരൂഗകതയുള്ളവരാക്കുന്നു.
7) ഫരിസേയർ.
8) കൃതജ്ഞതയർപ്പിക്കുന്നതിൽ.
9) 6 വർഷം.
10) മഹത്വം.
11) മനുഷ്യപുത്രന്റെ.
12) മൃതരായിരുന്നു.
13) സെബുലൂൺ.
14) അപൂർണ്ണമല്ല.
15) കഴുകന്മാർ.
16) മുൻകൂട്ടി തിരഞ്ഞെടുത്തു നിയോഗിച്ചു.
17) അബ്ദോൻ.
18) ന്യായാധിപനും വിധവയും.
19) ശരീരമാണ്.
20) രഹസ്യം വെളിപ്പെടുന്നതിൽ

**ശരിയുത്തരങ്ങൾ അയച്ചവർ**

1. ലാനി സ്റ്റീഫൻ, മേത്തല
2. മേരി സെബാസ്റ്റ്യൻ, തുരുത്തിപ്പുറം
3. ജെസ്സി സ്റ്റാൻലി, മേത്തല
4. ബീന ജോസ്, ചത്തനാട്
5. സുനി ജോസഫ്, തുരുത്തിപ്പുറം
6. ആൽഫർഡ്.കെ. ബിജു, കാരാ
7. മിനി പീറ്റർ, കോട്ടപ്പുറം
8. ജൂലിയറ്റ് എം.ഡി, കോട്ടപ്പുറം
9. മെറീന റോഡ്രിഗസ്



ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**ജെസ്സി സ്റ്റാൻലി, മേത്തല**

*പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും.*

മാർക്കോ 11:24

## വചനധ്യാനം



# 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**<u>പഠിച്ചൊരുങ്ങാനുള്ള വചനഭാഗം</u>**

▸ ന്യായാധിപന്മാർ 12,13 ▸ പ്രഭാഷകൻ 42,43,44 ▸ ലൂക്കാ 18 ▸ എഫ്രായിം 3,4

1. ഇബ്സാന് എത്ര പുത്രന്മാരുണ്ടായിരുന്നു?
2. അബ്ദോനെ എവിടെയാണ് സംസ്കരിച്ചത്?
3. ഫിലിസ്ത്യരുടെ കയ്യിൽ ഇസ്രായേൽ ജനത്തെ എത്ര വർഷത്തേക്കാണ് ഏൽപ്പിച്ചത്?
4. എവിടെ വച്ചാണ് ദൈവദൂതൻ മനോവയുടെ ഭാര്യയുടെ അടുത്ത് പ്രത്യക്ഷനായത്?
5. എവിടെവച്ചാണ് കർത്താവിന് മനോവ ബലിയർപ്പിച്ചത്?
6. ദുഷ്ടനായ ദാസന് എന്താണ് കൊടുക്കേണ്ടത്?
7. വിനാശത്തിന്റെ നാളിൽ ഒഴിവാക്കപ്പെട്ട മുള?
8. ----- ജനത്തിന് നേതൃത്വം കൊടുത്തവരും, വിവേകപൂർവ്വമായ ഉപദേശം നൽകിയവരും ഉണ്ടായിരുന്നു.
9. ----- ജലപ്രളയത്തിൽ നശിപ്പിക്കപ്പെടുകയില്ലെന്ന നിത്യ ഉടമ്പടി അവനുമായി ചെയ്യപ്പെട്ടു.
10. യാക്കോബിന് അംഗീകരിച്ചു നൽകിയത് എന്ത്?
11. ആരാണ് നല്ലവനായ ഗുരോ എന്നു വിളിച്ചത്?
12. "ഇതാ ഞങ്ങൾ സ്വന്തമായവയെല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു." ആരുടെ വാക്കുകൾ?
13. എവിടെവച്ചാണ് കുരുടൻ വഴിയരികിൽ ഇരുന്നു ഭിക്ഷ യാചിക്കുന്നത് യേശു കണ്ടത്?
14. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്ന് യേശു ആരോടാണ് പറഞ്ഞത്?
15. മനുഷ്യപുത്രനെപ്പറ്റി ------ എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും.
16. നിങ്ങളുടെ മഹത്വം എന്താണെന്നാണ് പൗലോസ് ശ്ലീഹ പറയുന്നത്?
17. ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടത് ------- വഴി?
18. സമാധാനത്തിന്റെ ബന്ധത്തിൽ ------- ന്റെ ഐക്യം നിലനിർത്തുവാൻ ജാഗരൂഗരായിരിക്കുവിൻ.
19. നമുക്കോരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിന് അനുസ്യതമായി നൽകപ്പെട്ടിരിക്കുന്നത് എന്ത്?
20. അവൻ ഉന്നതങ്ങളിലേക്ക് ആരോഹണം ചെയ്തപ്പോൾ ആരെയാണ് കൂടെ കൊണ്ടുപോയത്?

**ഉത്തരങ്ങൾ മാർച്ച് 15-ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

✉ didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം - 680 667**



*നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. അവന് അതു ലഭിക്കും. കുറ്റപ്പെടുത്താതെ എല്ലാവർക്കും ഉദാരമായി നൽകുന്നവനാണ് അവിടുന്ന്.*

യാക്കോ 1:5

# CASA DIVINA

**CHURCH & DEVOTIONAL ARTICLES**

**DEPARTMENT OF CATECHESIS**

**DIOCESE OF KOTTAPURAM- KODUNGALLUR**

- ബൈബിൾ
- പ്രാർത്ഥനാ പുസ്തകങ്ങൾ
- വണക്കമാസം
- ജപമാലകൾ
- തിരുസ്വരൂപങ്ങൾ

തുടങ്ങിയവയെല്ലാം

മിതമായ നിരക്കിൽ ലഭിക്കുന്നു.










**8281420078**


സെന്റ് ജോസഫ്സ് ദൈവാലയം
കുറുമ്പത്തുരുത്ത്
2025 മാർച്ച്
19
ബുധൻ
വി. യൗസേപ്പിതാവിന്റെ
തിരുനാൾ
നവനാൾ മാർച്ച് 6 മുതൽ
കൊടികയറ്റം മാർച്ച് 15
ഊട്ടുനേർച്ച മാർച്ച് 19
ഏവർക്കും സ്വാഗതം